നം.കെ.എസ്.എ.പി.റ്റി.എ.പി5/759/2017 തീയതി: 18.07.2017

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.01.2017 മുതൽ 31.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 ഓഡിറ്റ് എൻക്വയറി നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ് , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017 മുതൽ 20.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ. റ്റി. അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് )<br><br>ശ്രീ. ബി. ഹരികുമാർ , സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീ. അരുൺകുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഗീതാ വിജയൻ | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. സി.കെ. രാധാകൃഷ്ണൻ അസിസ്റ്റന്റ് സെക്രട്ടറി | 01.04.2016 മുതൽ 29.05.2016വരെ<br><br>(അധികചുമതല) |
| | ശ്രീ. രാരാരാജ് ആർ | 30.05.2016 മുതൽ 14.06.2017 വരെ |
| | ശ്രീ. സി.കെ. രാധാകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി | 15.06.2016 മുതൽ 03.07.2016 വരെ<br><br>(അധികചുമതല) |
| | ശ്രീ. രാരാരാജ് ആർ | 04.07.2016 മുതൽ 17.07.2016 വരെ |
| | ശ്രീ. സി.കെ. രാധാകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി | 18.07.2016 മുതൽ 16.11.2016 വരെ |

| | | |
|---|---|---|
| | | (അധികച്ചുമതല) |
| | ശ്രീമതി. പി. വത്സല | 17.11.2016മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | തൊഴിൽ നികുതി, വാടക കുടിശിക – സാംഖ്യയിലെ രേഖപ്പെടുത്തൽ കൃത്യമല്ല | 2-1 |
| 12 | ഉപയോഗക്രമത്തിന് മാറ്റം വരുത്തിയിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 2-2 |

| | | |
|---|---|---|
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-3 |
| 14 | തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | 2-4 |
| 15 | പരസ്യനികുതി ബൈലോ നിലവിലുണ്ടെങ്കിലും നികുതി പിരിക്കുന്നില്ല | 2-5 |
| 16 | ഡി ആന്റ് ഓ ലൈസൻസ്-ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല | 2-6 |
| 17 | കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-7 |
| 18 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ഡി&ഒ ലൈസൻസ് എടുക്കുന്നില്ല | 2-8 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല | 2-9 |
| 20 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽഫാം പ്രവർത്തിക്കുന്നു | 2-10 |
| 21 | പാരാ മെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 2-11 |
| 22 | മാർക്കറ്റ് ഫീസ് പിരിവ് - നിയമാനുസൃത നിരക്കിൽ ഈടാക്കുന്നില്ല | 2-12 |
| 23 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക- ബൈലോ തയ്യാറാക്കിയിട്ടില്ല | 2-13 |
| 24 | കമ്മ്യൂണിറ്റി ഹാൾ വാടക ബൈലോ - നിലവിലില്ല | 2-14 |
| 25 | സേവന ഉപനികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല | 2-15 |
| | ഭാഗം 3 | |
| 26 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് (പ്രോ.നം. 95/17) – ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല; മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി | 3-1 |
| 27 | ബാലസഭ (പ്രോ.നം.17/17) – സർക്കാർ ഉത്തരവുകൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി; ചെലവാകാതെ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം | 3-2 |
| 28 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോ.നം.176/17) – സർക്കാർ നിർദ്ദേശം അവഗണിച്ച് പദ്ധതി നടപ്പിലാക്കി | 3-3 |
| 29 | കരാറിലേർപ്പെടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറി | 3-4 |
| 30 | അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - അപാകതകൾ | 3-5 |
| 31 | എസ്.സി.വിദ്യർത്ഥികൾക്കുവേണ്ടി വാങ്ങിയ ലാപ് ടോപ്പുകൾ വിതരണം ചെയ്തില്ല | 3-6 |
| 32 | എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - വാങ്ങിയ സൈക്കിളുകളിൽ 3 എണ്ണം വിതരണം ചെയ്തില്ല | 3-7 |
| 33 | എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - വാങ്ങിയ ഫർണിച്ചറിൽ 9 എണ്ണം വിതരണം ചെയ്തില്ല | 3-8 |

| | | |
|---|---|---|
| 34 | ഭവന പുനരുദ്ധാരണം - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണിപൂർത്തിയില്ല | 3-9 |
| 35 | എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകൾ നടപ്പിലാക്കിയതിൽ അപാകത | 3-10 |
| 36 | ഭവന പുനരുദ്ധാരണം - ജനറൽ ( പ്രോജക്ട് നം.72) – പദ്ധതി നിർവ്വഹണത്തിൽ അപാകത | 3-11 |
| 37 | ഭവന പുനരുദ്ധാരണം - അൻപത് വയസ്സിന് മുകളിലുള്ളവർക്ക് ( പ്രോ. നം.88) – വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതിയായി ഏറ്റെടുത്തത് അനുചിതം | 3-12 |
| 38 | എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - വാങ്ങിയ ഫർണിച്ചറിൽ 9 എണ്ണം വിതരണം ചെയ്തില്ല | 3-13 |
| 39 | വിധവകൾ ഗൃഹനാഥയായിട്ടുള്ള കുടുംബത്തിന് വീട് (പ്രോ.നം.180/17) – സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല | 3-14 |
| 40 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-15 |
| 41 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വൻ വീഴ്ച | 3-16 |
| 42 | ലോക ബാങ്ക് സഹായ തുക മുഴുവൻ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് | 3-17 |
| 43 | ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം ക്രമപ്രകാരമല്ല | 3-18 |
| 44 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല | 3-19 |
| 45 | കാർഷിക കർമ്മ സേനയ്ക്ക് കൈമാറിയ യന്ത്രോപകരണങ്ങളുടെ മെയിന്റനൻസ് കർമ്മ സേന വഹിക്കണം | 3-20 |
| 46 | കർമ്മ സേനയ്ക്ക് കൈമാറിയ ട്രാക്ടർ സംരക്ഷണമില്ലാതെ നശിക്കുന്നു | 3-21 |
| 47 | കൃഷിഭവന് കറണ്ട് ചാർജ്ജ് ഒടുക്കുന്നത് കൊമേഴ്സ്യൽ സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കിൽ - ഇരട്ടിയലധികം ചാർജ്ജ് നൽകേണ്ടിവരുന്നു | 3-22 |
| 48 | കൃഷി ഭവന്റെ വാട്ടർ ചാർജ്ജ് ഇനത്തിൽ വർഷാവർഷം വൻതുക അഡീഷണൽ ചാർജ്ജ് ഒടുക്കുന്നു | 3-23 |
| 49 | അറവുശാല നിർമ്മാണം - ആറ് വർഷം പിന്നിട്ടിട്ടും പൂർത്തിയായില്ല | 3-24 |
| 50 | ഓമല്ലൂർ മാർക്കറ്റിൽ മാലിന്യ പ്രശ്നം രൂക്ഷം - പ്ലാന്റ് നിർമ്മിക്കുന്നതിന് ആറ് വർഷം മുമ്പ് ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയില്ല | 3-25 |
| 51 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല | 3-26 |
| 52 | പൂരക പോഷകാഹാരം-കേന്ദ്ര വിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല | 3-27 |
| 53 | അങ്കണവാടി പോഷകാഹാര പരിപാടിക്ക് പട്ടികജാതി ഫണ്ട് വകയിരുത്തിയപ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-28 |

| | | |
|---|---|---|
| 54 | അങ്കണവാടികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് വഹിക്കുന്നില്ല | 3-29 |
| 55 | ഇ- സാക്ഷരത പദ്ധതി- പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു | 3-30 |
| 56 | തുടർസാക്ഷരത – ഓണറേറിയം ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ച തുക ക്രമീകരിക്കണം | 3-31 |
| 57 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 3-32 |
| 58 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ചതിൽ 54.78 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 3-33 |
| 59 | പഞ്ചായത്ത് ആയുർവേദാശുപത്രിയെ അവഗണിക്കുന്നു | 3-34 |
| 60 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല; ഗ്രാമപഞ്ചായത്ത് നിയമവും, ചട്ടവും ലംഘിച്ചു | 3-35 |
| | ഭാഗം-4 | |
| 61 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 62 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 63 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 64 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 65 | ഓഡിറ്റ് റിക്കവറി | 4-5 |
| 66 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 67 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 68 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 19.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 25.08.2016-ൽ പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5055093 | 5178336.54 | 123243.54 | |
| വരവ് | 92654000 | 36329388 | | 56324612 |
| ആകെ | 97709093 | 41507724.54 | | 56201368.46 |
| ചെലവ് | 86067000 | 34145258 | | 51921742 |
| നീക്കിയിരിപ്പ് | 11642093 | 7362466.54 | | 4279626.46 |

മുന്നിരിപ്പ്, വരവ് ചെലവ് തുകയിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

2016-17-ലെ വാർഷിക ധനകാര്യപത്രിക ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15.05.2017 | 01.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി 11- പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. (സ.ഉ. (കൈ) നം. 212/2012/തസ്വഭവ, തീയതി. 6.8.2012) ആസ്തികളുടെ തേയ്മാനം (Asset depreciation) കണക്കാക്കി ഉൾപ്പെടുത്തിയിട്ടില്ല.
2. ഷെഡ്യൂൾ ബി 15- പ്രൊഫഷൻ ടാക്സ് - ഇൻസ്റ്റിറ്റ്യൂഷൻസ്/പ്രൊഫഷണൽസ്/ മെയ്ഡേഴ്സ് (അരിയർ) എന്ന ശീർഷകത്തിലുള്ള 24595/- രൂപയുടെ കൃത്യത അരിയർ ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.
3. ഷെഡ്യൂൾ ബി 7- സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതായി കാണിച്ചിട്ടുള്ള തുകകൾ യഥാക്രമം, 860000/- രൂപ, 118670/- രൂപ, ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 8806/- രൂപ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
4. ഷെഡ്യൂൾ ബി 7- ഗുണഭോക്തൃ വിഹിതം ഇനത്തിൽ കാണിച്ചിരിക്കുന്ന 16020/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
5. ഷെഡ്യൂൾ ബി 9- വാറ്റ് ഇനത്തിൽ സർക്കാരിൽ ഒടുക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ള 14243/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5178336.54 |
| വരവ് | 36329388 |
| ആകെ | 4507724.54 |
| ചെലവ് | 34145258 |
| നീക്കിയിരിപ്പ് | 7362466.54 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | - | 7369155 | 7369155 | 6397957 | 971198 | 86.82 |
| വികസനഫണ്ട്-എസ്.സി.പി. | - | 4615551 | 4615551 | 3737814 | 877737 | 80.98 |
| വികസനഫണ്ട്-റ്റി.എസ്.പി. | - | 61632 | 61632 | 50000 | 11632 | 81.13 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | - | 5182185 | 5182185 | 2029947 | 3152238 | 39.17 |
| സംരക്ഷണ | - | 2554755 | 2554755 | 2373215 | 181540 | 92.89 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (നോൺ റോഡ്) | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 4133305 | 4133305 | 4058620 | 74685 | 98.19 |
| എൻ.ആർ.ഇ. ജി.എസ് | 1838 | 14680326 | 14682164 | 14681914 | 250 | 99.9 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 165 | 108 | 31 | 26 | 65.45 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 17 | 5724648 | 14 | 2391646 | 41.78 |
| സേവനം | 74 | 26218334 | 67 | 12500806 | 47.68 |
| പശ്ചാത്തലം | 74 | 15415427 | 58 | 7077506 | 45.91 |
| മേഖലാ വിഭജനത്തിൽപ്പെടാത്തത് | 0 | - | - | - | - |
| ആകെ | 165 | 47358409 | 139 | 21969958 | |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 178 | 1689170 |
| വാർദ്ധക്യകാല പെൻഷൻ | 1257 | 14168910 |
| വിധവാ പെൻഷൻ | 500 | 5371790 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 20 | 204130 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 179 | 2050570 |
| തൊഴിൽ രഹിത വേതനം | 48 | 76080 |

## 1-9 തനത് വരുമാനം

സ്ഥാപനത്തിന് ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3179626 | 5164815 | 1985189 | 62.43 |
| നികുതിയേതര വരവുകൾ | 841409 | 1616148 | 774739 | 92 |
| മറ്റ് വരവുകൾ | 242567 | 426346 | 183779 | 75.76 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.2017ൽ 2.00 പി.എം.ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 23892/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2017 | 01/17 മുതൽ 02/17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ആഗസ്റ്റ് 2013 | 2008-09മുതൽ 2012-13വരെ | 01/10/2013 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി, വാടക കുടിശിക – സാംഖ്യയിലെ രേഖപ്പെടുത്തൽ കൃത്യമല്ല

2016-17 ലെ വാർഷിക കണക്കുകൾ പ്രകാരം തൊഴിൽ നികുതി കുടിശിക 24595 രൂപയും വാടക കുടിശിക 8364 രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. എന്നാൽ അരിയർ ഡിമാൻഡ് രജിസ്റ്റർ പ്രകാരം ഇത്തരത്തിൽ കുടിശിക നിലവിലില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-8/16-17 തീയതി 16-06-17) നൽകിയ മറുപടി സാംഖ്യ നിലവിൽ വന്നപ്പോൾ കുടിശിക തുക രേഖപ്പെടുത്തിയ അവസരത്തിൽ യഥാർത്ഥ തുകയേക്കാൾ കൂടുതൽ ആയി രേഖപ്പെടുത്തിയ തുകയാണിത് എന്നാണ്. ടി തുകകൾ സംബന്ധിച്ച്

കൃത്യത ഉറപ്പാക്കി ആയത് സാംഖ്യയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഉപയോഗക്രമത്തിന് മാറ്റം വരുത്തിയിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

വാഴമുട്ടം മാർബഹനാൻ ഓർത്തഡോക്സ് പള്ളി വക 9/305 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കാത്തതിനാൽ 2016-17 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി ഇനത്തിൽ 2453 രൂപയുടെയും ലൈബ്രറി സെസ്സിൽ 123 രൂപയുടെയും കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

9/305 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി അസംബ്ലി കെട്ടിടം, ഓഡിറ്റോറിയം എന്നിവ ഉൾപ്പെടുന്ന വിഭാഗത്തിൽ ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്. 346.29 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് ചട്ടപ്രകാരമുള്ള വർദ്ധനവ്/ഇളവ് എന്നിവയ്ക്ക് ശേഷം 15999 രൂപയാണ് നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നത്.

എന്നാൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ച രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഈ കെട്ടിടത്തിലാണ്. അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകൾ പ്രകാരം ഈ കെട്ടിടത്തിലെ 111.52 ചതുരശ്ര മീറ്റർ സ്ഥലം വാണിജ്യാവശ്യത്തിനാണ് ഉപയോഗിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | പ്രവർത്തിക്കുന്ന സ്ഥാപനം | വാടകയ്ക്കെടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 9/305 | കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്- കോസ്മെറ്റിക്ക് സാധനങ്ങളുടെ ഗോഡൗൺ | 92.94 | വാടകക്കരാർ പ്രകാരം 04-09-2014 മുതൽ സ്ഥാപനം പ്രവർത്തിക്കുന്നു. |
| 2 | 9/305 | ആശ്വാസ് ബേക്കറി | 18.58 | അപേക്ഷ സമർപ്പിച്ച തീയതി- 22.09.16, വാടകക്കരാർ പ്രകാരം 20.09.16 മുതൽ വാടക നൽകുന്നു |
| | ആകെ | | 111.52 | |

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം, കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ വരുത്തിയ മാറ്റം മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഉപചട്ടം 2 പ്രകാരം ഇപ്രകാരം അറിയിപ്പ് നൽകാത്ത കെട്ടിട ഉടമയുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണ് അധികമെങ്കിൽ അത്, പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 പ്രകാരം മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതത് അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും, അതനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി

ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തി പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്.

എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ 2016-17 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി ഇനത്തിൽ 2453 രൂപയുടെയും ലൈബ്രറി സെസ്സിൽ 123 രൂപയുടെയും കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയത് | 111.52 ച.മീ. |
| 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് | ച.മീറ്ററിന് 60 രൂപ |
| ആയത് പ്രകാരം അടിസ്ഥാന വസ്തുനികുതി | 6691 രൂപ |
| ടി കെട്ടിടത്തിന്റെ കാലപ്പഴക്കത്തിനുള്ള ഇളവ്(10%), വഴിസൗകര്യത്തിനുള്ള വർദ്ധനവ് (20%)എന്നിവയ്ക്ക് ശേഷം നിർണ്ണയിക്കാവുന്ന നികുതി | 7360 രൂപ |
| 111.52 ച.മീറ്ററിന് 40 രൂപ നിരക്കിൽ മേൽ പ്രകാരം നിർണ്ണയിച്ചിട്ടുള്ള നികുതി | 4907 രൂപ |
| കുറവ് | 2453 രൂപ |

ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി കുടിശികയാണ്. എന്നുമുതലുള്ള നികുതി ഈടാക്കാനുണ്ട് എന്ന വിവരം ലഭ്യമല്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ടവറിന്റെ/കെട്ടിട ഉടമയുടെ വിവരം | തറവിസ്തീർണ്ണം (ച.മീ.) | പുതുക്കിയ നികുതി |
|---|---|---|---|---|
| 1 | 7/86C | വയർലെസ് റ്റി.റ്റി. ഇൻഫോസ് സർവ്വീസ്, എസ് എൽ പ്ലാസാ, കൊച്ചി | 14 | 6300 |
| 2 | 7/350 A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, എസ്.എൽ. അവന്യൂ, മരട് പി.ഒ. | 15 | 7500 |
| 3 | 1/365 A | ആശാലതാ, ആശാസദനം, മഞ്ഞനികര | 14 | 6300 |
| 4 | 5/390 A | ഭാരതി ടെലിവെഞ്ചേഴ്സ് ലിമിറ്റഡ്, എൻ.എച്ച്.ബൈപ്പാസ്, മരട്.പി.ഒ. | 18 | 10800 |
| 5 | 9/27 A | ടവർ വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, അറക്കൽ അർക്കേഡ് | 16 | 8000 |
| 6 | 5/444 | റിലയൻസ് ഇൻഫോടെക് ലിമിറ്റഡ്, എ.പി.ആർക്കേഡ്, എസ്.എ.റോഡ്, കൊച്ചി | 12 | 6000 |

ഇവരിൽ നിന്നും വസ്തുനികുതി കുടിശിക സഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിലല്ല ഇവയുടെ തറ വിസ്തീർണ്ണം കണക്കാക്കിയിട്ടുള്ളത്. ടവർ സ്ട്രക്ച്ചറിനോടൊപ്പം ഡീസൽ ജനറേറ്റർ റൂം, സെക്യൂരിറ്റി ക്യാബിൻ തുടങ്ങിയ എല്ലാത്തരം നിർമ്മിതികളുടെയും തറവിസ്തീർണ്ണം നികുതി നിർണ്ണയത്തിനായി കണക്കാക്കേണ്ടതുണ്ട്. കൃത്യമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തൻവർഷം 20-ൽ താഴെ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 6/327F | എ.ജി.റ്റി. മോട്ടോഴ്സ്-മാരുതി സർവ്വീസ് സ്റ്റേഷൻ | 21 |
| 2 | 7/130C | തറയിൽ ഫ്യൂവൽസ് | 11 |
| 3 | 6/327 B | എ.ജി.റ്റി. ഡ്രൈവിംഗ് സ്കൂൾ | 3 |
| 4 | 7/366F | എ.ജി.റ്റി. ഓൾ കാർ സർവ്വീസ് | 6 |
| 5 | 6/22 A | വാഴപ്ലാവിൽ ഹോളോബ്രിക്സ് | 5 |
| 6 | 6/166 B | ഫ്രണ്ട്സ് ഓട്ടോവർക്ക്സ് | 4 |
| 7 | 9/487 | മാതാ ഗ്രാനൈറ്റ് & സ്റ്റോൺ വർക്സ് | 7 |
| 8 | 1/435 | ഏദൻ സ്വീറ്റ്സ് | 5 |
| 9 | 4/354 | പെട ഡിസ്ട്രിബ്യൂട്ടേഴ്സ് | 6 |
| 10 | 7/270A | ടെക്സോൾ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 14 |
| 11 | 13/456, 457 | ഹോട്ടൽ ഗ്രീൻചില്ലീസ് | 6 |
| 12 | 8/449A | സ്റ്റാർ ഹോളോബ്രിക്സ് | 3 |
| 13 | 13/294A | സിനി സോമിൽ | 4 |
| 14 | 7/81, 81A | കെ.എസ്.ഇൻഡസ്ട്രീസ് | 5 |
| 15 | 13/810 | എസ്.ബി.വി.ഏജൻസി | 6 |
| 16 | 9/404, 405 | ദീപക് ഇൻഡസ്ട്രീസ് | 5 |
| 17 | 8/422B | മൂഴിക്കൽ ഇൻഡസ്ട്രീസ് | 8 |

നിലവിൽ ഉപയോഗിച്ച് വരുന്ന രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേരും അടച്ച തുകയും മാത്രമാണ് എഴുതുന്നത്. തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ചുള്ള ഫോം നം. V ലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലൂടെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരും ആയത് ഒടുക്കുന്നുണ്ടെന്നുറപ്പുവരുത്താൻ കഴിയുന്നതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും മേധാവികളോട് ജീവനക്കാരുടെ പേരുവിവരവും വരുമാനവും സംബന്ധിച്ച റിട്ടേണുകൾ ആവശ്യപ്പെടാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ നിരക്കിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പരസ്യനികുതി ബൈലോ നിലവിലുണ്ടെങ്കിലും നികുതി പിരിക്കുന്നില്ല

പരസ്യനികുതി ബൈലോ നിലവിലുള്ള പഞ്ചായത്തിൽ ഈയിനത്തിൽ നികുതി ഈടാക്കുന്നതിൽ അധികൃതർ ഗുരുതരമായ വീഴ്ച വരുത്തി. തൻവർഷം പരസ്യനികുതി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ പരസ്യനികുതി സബന്ധിച്ച ബൈലോ 2012 മുതൽ നിലവിലുണ്ട്. ആയത് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൽ നിന്നും പ്രതിമാസം നിശ്ചിത നിരക്കിൽ നികുതി ഈടാക്കേണ്ടിയിരുന്നു. ബൈലോ പ്രകാരം 10 ച.മീറ്റർ വലിപ്പമുള്ള ഹോർഡിംഗുകൾക്ക് പ്രതിമാസം 100 രൂപ നിരക്കിൽ വർഷം 1200 രൂപ ലഭിക്കും. നിലവിൽ പഞ്ചായത്ത് പ്രദേശത്ത് 50 ചതുരശ്രമീറ്റർ വരെ വലിപ്പമുള്ളത് ഉൾപ്പെടെ ധാരാളം ഹോർഡിംഗുകളും പരസ്യ ബോർഡുകളും നിലവിലുണ്ട്.

2015-16 വർഷം അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിരുന്നു. എങ്കിലും നിലവിൽ ധാരാളം പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ പരസ്യങ്ങളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. പത്തനംതിട്ട-കൈപ്പട്ടൂർ സംസ്ഥാനപാതയുടെ ഇരുവശങ്ങളിലായി ഭീമ ജൂവലറി, പാറപ്പാട്ട് പി സ്ക്വയർ, ശ്രീവത്സം ടെക്സ്റ്റയിൽസ്, ചൈതന്യ മാർബിൾസ് തുടങ്ങിയ വൻകിട സ്ഥാപനങ്ങളുടെയുൾപ്പെടെ 50 ചതുരശ്രമീറ്റർ വരെ വലിപ്പമുള്ള ധാരാളം പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ നിന്നും പരസ്യനികുതി പിരിക്കാതിരുന്നത് ഗ്രാമപഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. തന്മൂലമുണ്ടാകുന്ന നഷ്ടത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉത്തരവാദിയാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 209 ബി പ്രകാരം പഞ്ചായത്തിന്റെ ലിഖിതാനുവാദം കൂടാതെ ഏതെങ്കിലും പരസ്യം പ്രദർശിപ്പിച്ചിട്ടുള്ള ഭൂമിയുടെയോ കെട്ടിടത്തിന്റെയോ ഉടമസ്ഥനോ അല്ലെങ്കിൽ അത് കൈവശം വയ്ക്കുന്ന ആളോ നിയമലംഘനം നടത്തിയ

ആളായി കരുതേണ്ടതാണെന്നും വകുപ്പ് 209 സി പ്രകാരം സെക്രട്ടറി രേഖാമൂലമുള്ള നോട്ടീസ് പ്രകാരം ടി ആളോട് പരസ്യം നീക്കം ചെയ്യാൻ ആവശ്യപ്പെടുകയോ അല്ലെങ്കിൽ ആ പരസ്യം നീക്കം ചെയ്യിക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ അനധികൃതപരസ്യം പ്രദർശിപ്പിച്ചതിന് ഉത്തരവാദിയായ ആൾ അനധികൃതപരസ്യം നീക്കം ചെയ്യുന്നതിനുള്ള ചെലവ് ഗ്രാമപഞ്ചായത്തിന് കൊടുക്കാൻ ബാധ്യസ്ഥനാണ്.

ഇപ്രകാരം പരസ്യനികുതി നിയമാനുസൃതം പിരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും അനധികൃതപരസ്യം നീക്കം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി.&ഒ. ലൈസൻസ് - ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

തൻവർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ 8 എണ്ണം മാത്രമാണ് മാർച്ച് 1-ന് മുമ്പായി ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മിക്ക സ്ഥാപനങ്ങളും 01.04.2016 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പ് (ഹിന്ദുസ്ഥാൻ പെട്രോളിയം), ഒരു ഗ്യാസ് ഏജൻസി ഗോഡൗൺ (റോയൽ ഗ്യാസ് ഏജൻസി) എന്നിവ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നില്ല എന്ന് വ്യക്തമാണ്. പ്രസ്തുത വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-7 കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി.&ഒ. ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

മോട്ടോർ കാർ ഡീലർമാരുൾപ്പെടെയുള്ള പല വൻകിട സ്ഥാപനങ്ങളുടെയും ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. കൂടാതെ ചില സ്ഥാപനങ്ങൾ വിറ്റുവരവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ദിവസത്തെ വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാവുന്ന ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | 4/220 | ഏഷ്യൻ സിൻഡിക്കേറ്റ് (ട്രാക്ടർ, കൺസ്ട്രക്ഷൻ ഉപകരണങ്ങൾ തുടങ്ങിയവയുടെ വിൽപന) | 200 | 500 | 4000 |
| 2 | 1/210 | ചീക്കനാൽ ഇൻഡസ്ട്രീസ് & ട്രേഡിംഗ് കമ്പനി. (വെളിച്ചെണ്ണ നിർമ്മാണവും വിൽപനയും) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 2000 | 4000 |
| 3 | 1/211, 1/212, 1/213 | ജയ് ഹിന്ദ് ടെക്സ്റ്റയിൽസ് & ഓയിൽ മിൽസ് | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 2000 | 4000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | 6/225 A,B | എം.കെ.മോട്ടോഴ്സ് (മഹീന്ദ്ര ടൂ വീലർ, ത്രീ വീലർ വിൽപന) | 5000 | 500 | 4000 |
| 5 | 9/305 | കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്, ഗോഡൗൺ | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 2000 | 4000 |

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7-ൽ ഏതൊരു ലൈസൻസിനും II- ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക II-ൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് പറഞ്ഞിട്ടുണ്ട്. ഇതു പ്രകാരം ഒരു വർഷം 4000 രൂപ വരെ ഇവരിൽ നിന്നും ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ഡി&ഒ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 13 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ആയതിനാൽ ലൈസൻസ് ഫീസിനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടാകുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ കഴിയില്ല.

പഞ്ചായത്ത് രാജ് നിയമം, ഡി&ഒ ലൈസൻസ് ചട്ടങ്ങൾ എന്നിവ പാലിച്ചുകൊണ്ട് എല്ലാ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് എടുക്കുന്നുണ്ടെന്നും തനത് വരുമാനത്തിൽ കുറവുണ്ടാകുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-10 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ 4 പൗൾട്രി ഫാമുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ കിട്ടേണ്ട വരുമാനം ലഭിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012, ചട്ടം-3 പ്രകാരം ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യത ഉളവാക്കുന്ന പ്രവർത്തിയായിരിക്കുമെന്നതിനാൽ നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 232 ാം വകുപ്പ് പ്രകാരം ലൈസൻസ് ആവശ്യമാണ്. പൗൾട്രി ഫാമിന്റെ കാര്യത്തിൽ 100 പക്ഷികളിൽ കൂടുതൽ എണ്ണത്തെ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. ഡി & ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിപത്രത്തിൽ വളർത്താൻ അനുമതിയുള്ള പക്ഷികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ഇത് പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | ഉടമസ്ഥന്റെ/സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ഡി&ഒ ലൈസൻസ് അപേക്ഷ | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിപത്രം പ്രകാരം |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | പ്രകാരമുള്ള ഉപയോഗം | വളർത്താവുന്ന പക്ഷികളുടെ എണ്ണം, അനുമതി പത്രത്തിന്റെ വിവരം | |
| 1 | എ.എൻ.എസ് പൗൾട്രി ഫാം | 6/164 A | 45 ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ വളർത്തി വിൽക്കുന്നതിന് | 400 | ഐ.സി.ഒ/പി.റ്റി.എ/ 437/ ആർ3/2014 തീയതി 11.07.2014 |
| 2 | ആർ.കെ. പൗൾട്രി ഫാം | 6/164 B, C | 45 ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ വളർത്തി വിൽക്കുന്നതിന് | 650 | ഐ.സി.ഒ/പി.റ്റി.എ/ 457/2008 തീയതി 19.09.14 |
| 3 | കോശി മാത്യു, പുതുപ്പറമ്പിൽ | 6/166 A | 45 ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ വളർത്തി വിൽക്കുന്നതിന് | 300 | ഐ.സി.ഒ/പി.റ്റി.എ/ 26/ആർ2/2015 തീയതി 04.07.2015 |
| 4 | സി.റ്റി. രാജു, ചാക്കിലേത്ത് പടിഞ്ഞാറ്റേതിൽ | 12/250 എ | 45 ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ വളർത്തി വിൽക്കുന്നതിന് | 1000 | ഐ.സി.ഒ/പി.റ്റി.എ/ 26/2494/2016 തീയതി 07.04.2016 |

ചട്ടം 1-ൽ ചേർത്തിട്ടുള്ള പട്ടിക പ്രകാരം പക്ഷികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസിന്റെ നിരക്ക് ചുവടെ ചേർക്കുന്നു.

| പക്ഷികളുടെ എണ്ണം | ഫീസ് |
|---|---|
| 100-251 | 100 |
| 251-500 | 150 |
| 501-1000 | 200 |

മേൽ പറഞ്ഞ ഫാമിൽ സംരക്ഷിക്കപ്പെടുന്ന പക്ഷികളുടെ എണ്ണം, വളർത്തുന്നതിനാവശ്യമായ കുറഞ്ഞ സ്ഥല വിസ്തൃതി എന്നിവ ചട്ടം അനുശാസിക്കുന്ന പട്ടികകൾ പ്രകാരം നിജപ്പെടുത്തി ഫീസ് ഈടാക്കി ഫാം ലൈസൻസ് അനുവദിക്കുകയോ അല്ലാത്തപക്ഷം നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടാൽ ഫാം അടച്ചുപൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-11 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ദീർഘനാളുകളായി പ്രവർത്തിച്ചു വരുന്നെങ്കിലും അവ കൃത്യമായി രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്യുന്നില്ല. ചില സ്ഥാപനങ്ങൾ ചില വർഷങ്ങളിൽ രജിസ്ട്രേഷൻ പുതുക്കുമ്പോൾ മറ്റു ചില സ്ഥാപനങ്ങൾ വർഷങ്ങളായി രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിക്കുന്നത്. തൻ വർഷം 3 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ള വേദ ഹോസ്പിറ്റൽ, വേദഗ്രാം, ലൈഫ് കെയർ ക്ലിനിക് തുടങ്ങിയ സ്ഥാപനങ്ങൾ ഈ വർഷം ലൈസൻസ് എടുത്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 270-ാം വകുപ്പ്, 1997-ലെ കേരള പഞ്ചായത്ത് രാജ്(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ അനുസരിച്ച്, മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുവാൻ പാടുള്ളതല്ല. ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ആയത് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-12 മാർക്കറ്റ് ഫീസ് പിരിവ് - നിയമാനുസൃത നിരക്കിൽ ഈടാക്കുന്നില്ല

08.09.2016-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 11 പ്രകാരം 10.09.2016 മുതൽ പഞ്ചായത്ത് മാർക്കറ്റ് ഫീസ് പിരിവ് കുടുംബശ്രീ മുഖേനയാണ് നടത്തിവരുന്നത്. നിലവിൽ ഓരോ കച്ചവടക്കാരിൽ നിന്നും നിശ്ചിത തുക വീതം ഈടാക്കുകയാണ് ചെയ്യുന്നത്. കച്ചവടം നടത്തുന്ന വ്യക്തികളിൽ നിന്നും നിലവിൽ മാർക്കറ്റ് പ്രവർത്തിക്കുന്ന ദിനങ്ങളിൽ പ്രതിദിനം 10 മുതൽ 130 രൂപ വരെയാണ് ഈടാക്കുന്നത്. എന്നാൽ ഈ നിരക്കുകൾ തീരുമാനിച്ചത് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം ഇല്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ, ചട്ടം 8 ൽ പിരിക്കാവുന്ന ഫീസ് നിരക്ക് സംബന്ധിച്ച പട്ടിക ചേർത്തിട്ടുണ്ട്. ഇതിൽ പറയും പ്രകാരമുള്ള പരിധിക്കുള്ളിൽ ഓരോ ഇനത്തിനും ഫീസ് നിശ്ചയിച്ച് ഭരണസമിതി അംഗീകരിച്ച് പരസ്യപ്പെടുത്തേണ്ടതാണ്.

ചട്ടം 17 പ്രകാരം പൊതുമാർക്കറ്റിന്റെ കാര്യത്തിൽ പഞ്ചായത്ത് 8-ാം ചട്ടപ്രകാരം നിശ്ചയിച്ച ഫീസ് നിരക്കുകൾ മാർക്കറ്റിന്റെ ശ്രദ്ധേയമായ സ്ഥലത്ത് ഒരു നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

## 2-13 ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക- ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെയും മാർക്കറ്റ് സ്റ്റാളിലെയും മുറികൾ/സ്റ്റാളുകൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക സംബന്ധിച്ച ബൈലോ ഇല്ല .

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച നിശ്ചിത ബൈലോ തയ്യാറാക്കിയിട്ടില്ല. നിലവിലെ വാടക കമ്മിറ്റിത്തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. തൻവർഷം 8% വർദ്ധനവാണ് തീരുമാനിച്ച് ഈടാക്കിയിട്ടുള്ളത് . വാടകക്കാരിൽ നിന്നും 3 മാസത്തെ വാടക മുൻകൂർ വാങ്ങുകയും ആയത് അവസാന 3 മാസത്തെ വാടകത്തുകയിൽ ക്രമീകരിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ എന്നിവ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടൗണിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക പഞ്ചായത്ത് നിശ്ചയിച്ച് മുറിവാടകയ്ക്ക് പകരം ഡെപ്പോസിറ്റ് തുക ലേലം ചെയ്യുകയാണെങ്കിൽ വലിയ തോതിലുള്ള വരുമാന വർദ്ധനവിന് സാദ്ധ്യതയുണ്ട്. ഈ സാദ്ധ്യത പ്രയോജപ്പെടുത്തുന്നില്ല.

2.വാടകക്കാരുമായി കരാർ ചമയ്ക്കുന്നില്ല

ഓരോ വർഷവും വാടകക്കാരുമായി വാടക വ്യവസ്ഥകൾ സംബന്ധിച്ച കരാർ ചമച്ച് നിയമാനുസൃതമാക്കുന്നില്ല. ആയതിനാൽ വാടക സംബന്ധിച്ച് എന്തെങ്കിലും നിയമവ്യവഹാരം ഉണ്ടാകുകയാണെങ്കിൽ സാധുതയില്ലാത്ത കരാർ മൂലം പ്രതികൂല ഉത്തരവുണ്ടാകാൻ സാധ്യതയുണ്ട്. മേൽ വിഷയങ്ങളിന്മേൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-14 കമ്മ്യൂണിറ്റി ഹാൾ വാടക ബൈലോ നിലവിലില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പറയനാലി കമ്മ്യൂണിറ്റി ഹാൾ (കെട്ടിട നം 4/97) 2016-17 വർഷം വാടകയ്ക്ക് നൽകിയ ഇനത്തിൽ 200 രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ വാടക ഈടാക്കുന്നത് സംബന്ധിച്ച് ബൈലോ നിലവിലില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ എന്നിവ പ്രകാരം കമ്മ്യൂണിറ്റി ഹാൾ, പഞ്ചായത്ത് ഹാൾ എന്നിവയുടെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-15 സേവന ഉപനികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ചട്ടം 27 ൽ സേവന ഉപനികുതി നിരക്കിന്റെ വിവരം പറഞ്ഞിട്ടുണ്ട്. തെരുവു വിളക്ക്, ജലവിതരണം എന്നീ ചെലവുകൾക്കായി ഒരു വർഷം 20 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാതെയും തെരുവുവിളക്കുകൾക്ക് വസ്തുനികുതിയുടെ 2%-ൽ കുറയാതെയും സേവന ഉപനികുതി ചുമത്താവുന്നതാണ്. ഈ സാധ്യത പ്രയോജനപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് (പ്രോ.നം. 95/17) – ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല; മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

(നിർവ്വഹണം - സെക്രട്ടറി)

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യുന്നതിന് വികസന ഫണ്ടിൽനിന്നും 31767 രൂപയും തനത് ഫണ്ടിൽനിന്നും 18233 രൂപയും ഉൾപ്പെടെ ആകെ 50000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പദ്ധതിയ്ക്ക് വകയിരുത്തിയ വികസന ഫണ്ട് വിഹിതം 27.12.16-ലെ 17-ാം നമ്പർ ട്രഷറി ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന തനത് ഫണ്ട് വിഹിതം 18233 രൂപ ചെക്ക് നം. 587689/27.03.2017 പ്രകാരം ഫണ്ടിൽനിന്നും കുറവ് ചെയ്തിട്ടുണ്ട്. ടി ചെലവിന് ആധാരമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10 തീയതി. 14.06.2017) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ടി തുകകൾ സി.ഡി.എസ്-ന് കൈമാറിയിട്ടുള്ളതായും, കുടുംബശ്രീയുടെ നിർവ്വഹണ ചുമതല അസി. സെക്രട്ടറിക്കാണെന്നും അസി. സെക്രട്ടറിയാണ് പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ അസി. സെക്രട്ടറിയോ, സി.ഡി.എസ്. അധികൃതരോ റിവോൾവിംഗ് ഫണ്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും പ്രകാരം [സ.ഉ.(എം.എസ്.)നം.4/2016 /തസ്വഭവ, തീ.11.01.2016] വ്യക്തമായ വായ്പാ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്., സി.ഡി.എസ്. സൊസൈറ്റികൾ എന്നിവയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകാൻ പാടുള്ളൂ. എന്നാൽ 10 കുടുംബശ്രീ യൂണിറ്റുകൾക്ക് 5000 രൂപ വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഏതെല്ലാം യൂണിറ്റുകൾക്കാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമായിട്ടില്ല. യൂണിറ്റുകൾ വ്യക്തമായ വായ്പ അധിഷ്ഠിതമായ തൊഴിൽ സംരംഭ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതിനും രേഖയില്ല. മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളും, ധനസഹായം കൈപ്പറ്റിയ യൂണിറ്റുകളുടെ വിശദാംശങ്ങളും, കൈപ്പറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക (₹50000) തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 ബാലസഭ (പ്രോ.നം.17/17)– സർക്കാർ ഉത്തവുകൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി; ചെലവാകാതെ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം

(നിർവ്വഹണം - സെക്രട്ടറി)

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 130600 രൂപയും, തനത് ഫണ്ടിൽനിന്നും 19400 രൂപയും ഉൾപ്പെടെ 150000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 24.11.16-ലെ 11-ാം നമ്പർ ട്രഷറി ബിൽ പ്രകാരം വികസന ഫണ്ട് വിഹിതം സി.ഡി.എസ്. അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു. തനത് ഫണ്ട് വിഹിതം മാറ്റിയിട്ടില്ല. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം [സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ., തീ.11.01.2016 – ഖ. 12.5(ii)] ബാലസഭാ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും ഒരു വർഷം ചെലവഴിക്കാവുന്ന പരമാവധി തുക 35000 രൂപയാണ്. ഈ പരിധി ലംഘിച്ചാണ് 150000 രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നത്.

ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(പി.)നം.177/06/ധന., തീ.12.04.2006) സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള കാര്യങ്ങൾക്ക് ഒഴികെ ചെലവ് മുൻകൂട്ടി കണ്ടുകൊണ്ട് ട്രഷറിയിൽനിന്നും തുക പിൻവലിക്കാൻ പാടില്ല. എന്നാൽ ഈ പ്രോജക്ടിന്റെ കാര്യത്തിൽ മുൻകൂറായി ട്രഷറിയിൽനിന്നും തുക മാറി സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് ചെയ്തിരിക്കുന്നത്. 14.01.17-ൽ 58 ബാലസഭാ കുട്ടികൾ തിരുവനന്തപുരത്തേക്ക് പഠനയാത്ര നടത്തിയതിന് 24200 രൂപ ചെലവഴിച്ചത് ഒഴിച്ചാൽ മറ്റ് പ്രവർത്തനങ്ങൾ ഒന്നും തന്നെ പ്രോജക്ടിന്റെ ഭാഗമായി നടത്തിയിട്ടില്ല.

ട്രഷറിയിൽനിന്നും പിൻവലിക്കുന്ന തുകകൾ 30 ദിവസത്തിനുള്ളിൽ ചെലവഴിക്കണമെന്നാണ് വ്യവസ്ഥ. 30 ദിവസത്തിനുമേൽ ചെലവാകാതെ അവശേഷിക്കുന്ന തുക ട്രഷറിയിൽ തിരികെ അടയ്ക്കണം. 24.11.16-ൽ ട്രഷറിയിൽനിന്നും മാറിയ തുകയിൽ 106400 രൂപ ഓഡിറ്റ് തീയതിയിലും (14.06.2017) സി.ഡി.എസ്. അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുകയാണ്. ജനകീയാസൂത്രണത്തിലെ ധനവിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് ഇപ്രകാരം തുക സൂക്ഷിച്ചിട്ടുള്ളത്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

ഭാവിയിൽ ബാലസഭാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് മാത്രം പ്രോജക്ട് ആവിഷ്കരിക്കുന്നതിനും, ചെലവ് നടത്തിയതിനുശേഷം ചെലവിനനുസൃതമായി മാത്രം ട്രഷറിയിൽനിന്നും തുക പിൻവലിക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോ.നം.176/17) – സർക്കാർ നിർദ്ദേശം അവഗണിച്ച് പദ്ധതി നടപ്പിലാക്കി

(നിർവ്വഹണം - സെക്രട്ടറി)

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് വികസന ഫണ്ടിൽനിന്നും 879305 രൂപയും തനത് ഫണ്ടിൽനിന്നും 20695 രൂപയും ഉൾപ്പെടെ ആകെ 900000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് വകയിരുത്തിയ വികസന ഫണ്ട് വിഹിതം 27/31.03.17 നമ്പർ ട്രഷറി ബിൽ പ്രകാരവും, തനത്

ഫണ്ട് (₹19695) 23.03.17-ലെ 1671709 നമ്പർ ട്രഷറി ചെക്ക് പ്രകാരവും പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടല്ല ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ടിൽ വകയിരുത്തിയ തുക 14 വാർഡിലേക്കും തുല്യമായി വീതിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി വാട്ടർ അതോറിറ്റി അധികൃതരോട് ആവശ്യപ്പെട്ടിരിക്കുന്നത് (24.01.2017-ലെ I/4 നമ്പർ തീരുമാനം). വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് പ്രോജക്ട് നടപ്പിലാക്കുന്നത് പ്രോജക്ടിന്റെ ഫലപ്രാപ്തിയെ ഇല്ലാതാക്കുമെന്ന കാര്യത്തിൽ സംശയമില്ല. മാത്രവുമല്ല ഇത് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചിട്ടുള്ള പൊതു സമീപനത്തിന് വിപരീതവുമാണ് (പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ ഖണ്ഡിക 2 ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു).

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലവിതരണം നടത്താനുദ്ദേശിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകളോടൊപ്പം വാട്ടർ അതോറിറ്റിയിൽനിന്നുള്ള അനുമതി പത്രം സമർപ്പിച്ചിരിക്കണം. എന്നാൽ ടി പ്രോജക്ടിന്റെ സംഗതിയിൽ ഇപ്രകാരമൊരു അനുമതി പത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പൊതുടാപ്പുകൾ നൽകാൻ പാടില്ലെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. പകരം ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കണമെന്നും, കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12 പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിന് പ്രോവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ എല്ലാം ലംഘിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. അപാകതകൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കരാറിലേർപ്പെടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറി

(നിർവ്വഹണം - സെക്രട്ടറി)

2016-17-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ കരാർ ഉടമ്പടി വച്ചിട്ടില്ല. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ഡെപ്പോസിറ്റ് തുക | ഏജൻസി | ചെലവിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | 18/17 | വിവിധ പട്ടികജാതി കൊളനികളിൽ വൈദ്യുതി ലൈൻ നീട്ടൽ (എസ്.സി.പി.) | 100000 | 31565 | KSEB | 33/31.03.17 |
| 2 | 176/17 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 900000 | 899000 | KWA | 27/31.03.17 |
| 3 | 179/17 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 300000 | 237450 | KSEB | 32/31.03.17 |

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം നിർവ്വഹണ ഏജൻസിയുമായി തദ്ദേശഭരണ സ്ഥാപനം കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ (ഇതിനാവശ്യമായ കരാർ ഉടമ്പടി പത്രം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്). സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കരാർ വയ്ക്കാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്.

പ്രോജക്ട് നം.18/17 പട്ടികജാതി ഫണ്ട് ചെലവഴിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ 1,2,3 വാർഡുകളിലെ കോളനികളിൽ പ്രവൃത്തി നടത്തുന്നതിനായി 26945 രൂപയുടെയും, 4,10 വാർഡുകളിലെ കോളനികളിലേക്കായി 32550 രൂപയുടെയും രണ്ട് എസ്റ്റിമേറ്റുകൾ KSEB തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം പഞ്ചായത്തിന് കൈമാറിയിരുന്നു. എന്നാൽ ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനോ തുക യഥാസമയം KSEB-യിൽ ഒടുക്കുന്നതിനോ സെക്രട്ടറി ശ്രദ്ധിച്ചിട്ടില്ല. നിർവ്വഹണ അധികാരിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം പ്രോജക്ടിന് വകയിരുത്തിയ 100000 രൂപയിൽ 59495 രൂപയുടെ വിനിയോഗം നടക്കാതെ പോയി. കാലേക്കൂട്ടി അംഗീകാരം വാങ്ങിയിട്ടുള്ള ടി പദ്ധതികൾക്കുള്ള ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത് മാർച്ച് മാസം 31-ാം തീയതിയിലാണെന്നുള്ളതും പദ്ധതി നിർവ്വഹണത്തിലെ കെടുകാര്യസ്ഥതയ്ക്ക് തെളിവാണ്.

അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിക്കുന്നതിനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - അപാകതകൾ

2016-17-ൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**(1)** വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നു

ഓഡിറ്റ് വർഷം ലഭ്യമായ ഫണ്ട് 14 വാർഡിലേക്കുമായി തുല്യമായി വീതം വച്ചാണ് നിർമ്മാണ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളത്. റോഡ് നിർമ്മാണ പ്രവൃത്തികളുടെ ശരാശരി അടങ്കൽ 2 ലക്ഷം രൂപയിൽ താഴെയാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നു.

പദ്ധതി തയ്യാറാക്കുമ്പോൾ, പദ്ധതിപ്പണത്തിന്റെ മൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷ്മബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഗ്രാന്റായിട്ടാണ് നല്കുന്നതെങ്കിലും ആ തുകയുടെ 80 ശതമാനത്തോളം സംസ്ഥാന ഗവണ്മെന്റ് വായ്പ വാങ്ങുന്നതാണ്. അതിന് ഏകദേശം 11 ശതമാനമാണ് വാർഷിക പലിശ. വിഭവങ്ങളുടെ മൂല്യത്തെയും ദൗർലഭ്യത്തെയും കുറിച്ചുള്ള ധാരണയോടെയാകണം പണം ചെലവ് ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടത്. എന്നാൽ ഈ ഒരു ബോദ്ധ്യത്തോടെയല്ല ഗ്രാമപഞ്ചായത്ത് അധികൃതർ പ്രവർത്തിച്ചിട്ടുള്ളത്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ 3.16 കോടി രൂപ മാത്രം ലഭ്യമായിട്ടുള്ള പഞ്ചായത്ത് ഓഡിറ്റ് വർഷം 86 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തത് ഇതിന് തെളിവാണ്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണത ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമല്ല.

**(2)** ഗുണഭോക്തൃസമിതി മുഖാന്തിരമുള്ള പ്രവൃത്തി നടത്തിപ്പിൽ അപാകത

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 2.45 കോടി രൂപ അടങ്കലുണ്ടായിരുന്ന 86 മരാമത്ത് പ്രവൃത്തികളിൽ 18എണ്ണം ഒഴികെ മറ്റെല്ലാം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചുള്ളവയായിരുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1 /13/തസ്വഭവ. പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഗുണഭോക്തൃസമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്. ആയത് IPC സെക്ഷൻ 415, 420 എന്നിവ പ്രകാരം ക്രിമിനൽ കുറ്റമാണ്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബില്ലിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും വിശ്വസനീയവും സത്യസന്ധവുമല്ല.

ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഏറിയ പങ്കും വൻ ലാഭം കിട്ടുന്ന റോഡ്

കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഇതേ കാലയളവിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയിട്ടുള്ള സമീപ ഗ്രാമപഞ്ചായത്തുകളിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് 25 ശതമാനം വരെ കുറഞ്ഞനിരക്കിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ഗണ്യമായ തുക ലാഭിക്കാമായിരുന്നു. കൂടാതെ, EMD, സെക്യൂരിറ്റി ഇനത്തിൽ ലഭിക്കുമായിരുന്ന തുകകളും ഗ്രാമപഞ്ചായത്തിന് വലിയൊരു മുതൽക്കൂട്ടാകുമായിരുന്നു.

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയലുകളിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നവയാണ്.

1. ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്ന വ്യവസ്ഥ ഒരു പ്രവൃത്തിയുടെ കാര്യത്തിലും പാലിച്ചിട്ടില്ല.
2. ഒരു ഗുണഭോക്തൃസമിതി യോഗത്തിലും അസി.എഞ്ചിനീയറോ, ഓവർസീയറോ പങ്കെടുത്തിട്ടില്ല.
3. കൺവീനറും, ഗുണഭോക്തൃസമിതി അംഗങ്ങളുമായുള്ള കരാറുകൾ കൃത്യമായ വിവരങ്ങൾ ചേർത്ത് കക്ഷികളും, സാക്ഷികളും ഒപ്പിട്ട് ആധികാരികമാക്കിയിട്ടില്ല. ആയതിനാൽ കരാറുകൾ ഒന്നുംതന്നെ സാധുവല്ല.
4. കൺവീനറുടെയും ചെയർമാന്റെയും ജോയിന്റ് അക്കൗണ്ടിലൂടെയല്ല പണമിടപാടുകൾ നടത്തിയിരുന്നത്.
5. കൺവീനർമാർ ബിൽ തുക കൈപ്പറ്റിയതിന്റെ രസീതി ഒരു ഫയലിലും ലഭ്യമാക്കിയിട്ടില്ല.

<u>**(3)** പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല</u>

1. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേരും ഫോൺ നമ്പറും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രോജക്ട് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, ഡിസ്പ്ലേ ബോർഡിന് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഉള്ള നിർദ്ദേശം പാലിച്ചിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച ലഘുവിവരണം പ്രാദേശിക ഭാഷയിൽ തയ്യാറാക്കി എസ്റ്റിമേറ്റിനോടൊപ്പം വയ്ക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
3. ടാറിംഗ് പ്രവൃത്തികൾക്ക് പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ബാധകമായിട്ടുള്ള അഞ്ച് വർഷ മെയിന്റനൻസ് ഗ്യാരന്റി ബാധകമാക്കണമെന്നും, കരാർ ഉടമ്പടിയിൽ ഈക്കാര്യം വ്യവസ്ഥ ചെയ്യേണ്ടതാണെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.
4. ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും, റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.
5. ഏതൊരു റോഡ് നിർമ്മാണ പ്രോജക്റ്റിനൊടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രോജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്ന നിബന്ധന പാലിക്കുന്നില്ല.
6. ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവർത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
7. മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിനു മുമ്പായി ഗ്രാമപഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

<u>**(4)** എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാക ത</u>

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ചെറിയ കഷ്ണങ്ങളാക്കി മുറിച്ച് പ്രോജക്ട് തയ്യാറാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല.

2. എല്ലാ എസ്റ്റിമേറ്റുകളോടൊപ്പവും എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല (ഉദാ. പ്രോ.നം. 45/17, 36/17, 29/17, 128/17, 46/17)

3. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ, പ്രത്യേകിച്ച് നിരീക്ഷണ ഡാറ്റ (Observed data) തയ്യാറാക്കി നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ, അംഗീകരിച്ച ഡാറ്റ ഷീറ്റ് എസ്റ്റിമേറ്റിനോടൊപ്പം ഹാജരാക്കുന്നില്ല.

4. കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ ഇലക്ട്രിഫിക്കേഷന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും (lump sum) സമയബന്ധിതമായി ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടി പ്രവൃത്തി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നില്ല (ഉദ. 110/150, 103/15).

**(5) ടെണ്ടർ നടപടികൾ യഥാസമയം പൂർത്തിയാക്കിയില്ല – പണികൾ സാമ്പത്തിക വർഷം അവസാനിക്കുംമുമ്പ് പൂർത്തിയാക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നതിനും കഴിഞ്ഞില്ല**

2016 സെപ്റ്റംബർ മാസം വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു. എന്നാൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിരിക്കുന്നത് 2017 ജനുവരിയിലും, ടെണ്ടറുകൾ അംഗീകരിച്ച് കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത് ഫെബ്രുവരി മാസവുമാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരെ പണി ഏൽപ്പിച്ചുനൽകുന്നതിലുണ്ടായ കാലവിളംബം കാരണം പഞ്ചായത്ത് ഏറ്റെടുത്ത 18 കരാർ പ്രവൃത്തികളിൽ 3 എണ്ണം മാത്രമേ തൻവർഷം പൂർത്തിയാക്കി പേയ്മെന്റ് നടത്തുന്നതിന് സാധിച്ചിട്ടുള്ളൂ. 0.5 കോടി രൂപ അടങ്കലുണ്ടായിരുന്ന 15 പ്രവൃത്തികൾ സാമ്പത്തിക വർഷാന്ത്യത്തിന് മുൻപ് പൂർത്തിയാക്കുന്നതിനോ ഫണ്ട് ചെലവഴിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

**(6) വർക്ക് ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കുന്നതിൽ വീഴ്ച - ചെലവഴിക്കാമായിരുന്ന 23.68 ലക്ഷം രൂപയുടെ പേയ്മെന്റ് തടസ്സപ്പെട്ടു**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നതിനും അസി.എഞ്ചിനീയർ വീഴ്ചവരുത്തി. ഓഡിറ്റ് വർഷം ട്രഷറിയിൽനിന്നും മാറിയെടുത്ത 7323719 രൂപയിൽ 6866989 രൂപയുടെ (94%) ബില്ലുകളും മാർച്ച് മാസത്തിലെ അവസാന തീയതികളിലാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. മാർച്ച് 31-ന് ട്രഷറിയിൽ സമർപ്പിച്ച 17 ബില്ലുകളിൽ 13 എണ്ണവും ട്രഷറി പാസ്സാക്കി നൽകിയിട്ടില്ല. ഇപ്രകാരം 23.68 ലക്ഷം രൂപയുടെ 13 ബില്ലുകൾ കുടിശ്ശികയിലായി. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി. എഞ്ചിനീയർ ലഭ്യമാക്കിയ വിശദീകരണത്തിൽ മാർച്ച് 31-ന് ട്രഷറിയിൽ സമർപ്പിച്ച 13 ബില്ലുകൾക്കും 30-ാം തീയതി വൈകിട്ട് തന്നെ റിക്വിസിഷൻ പഞ്ചായത്തിൽ നൽകിയിരുന്നതായി അറിയിച്ചു. എന്നാൽ മാർച്ച് 31-ന് ഓഫീസ് സമയം കഴിയുന്നതുവരെ പഞ്ചായത്തിൽ നിന്നും അലോട്ട്മെന്റ് നൽകിയില്ലെന്നും, നേരിട്ടും ബഹു. പഞ്ചായത്ത് പ്രസിഡന്റ് മുഖേനയും പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഓഫീസ് സമയം കഴിയുന്നതുവരെ അലോട്ട്മെന്റ് നൽകിയില്ലെന്നും അസി. എഞ്ചിനീയർ വിശദീകരിച്ചു. പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബിൽ തയ്യാറാക്കി സമർപ്പിക്കുന്നതിൽ അസി. എഞ്ചിനീയറും, ഫണ്ട് അലോട്ട്മെന്റ് നൽകുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വീഴ്ച വരുത്തിയതായാണ് കാണുന്നത്.

അതത് വർഷം ചെലവഴിക്കുന്നതിന് ഉദ്ദേശിച്ചാണ് സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നത്. സർക്കാർ ഗ്രാന്റ് പൂർണ്ണമായും ചെലവഴിക്കുന്നതിന് ചിട്ടയായ പദ്ധതി പ്രവർത്തനങ്ങൾ ആവശ്യമാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം സാമ്പത്തിക വർഷാന്ത്യം വരെ വലിച്ചുനീട്ടുകയും മാർച്ച് മാസത്തിലെ അവസാന തീയതികളിൽ തിരക്കിട്ട് ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്യുന്ന രീതിയാണ് വർഷങ്ങളായി എഞ്ചിനീയറിംഗ് വിഭാഗം അനുവർത്തിച്ചുവരുന്നത്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ച ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശം ഭരണവകുപ്പ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

**(7) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനത്തിലെ അസി.എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല.

**(8) പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നില്ല**

പ്രോജക്റ്റുകളുടെ മോണിറ്ററിംഗ് ചുമതല ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിനാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. എന്നാൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പ്രവൃത്തികളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ

ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അവ ഒന്നുംതന്നെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പ് ഇട്ട് ആധികാരികമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകളിലേക്ക് പഞ്ചായത്ത് അധികൃതരുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു. വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ തിരുത്തൽ നടപടികൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-6 എസ്.സി.വിദ്യാർത്ഥികൾക്കുവേണ്ടി വാങ്ങിയ ലാപ് ടോപ്പുകൾ വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | S0157/17 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| ട്രഷറി ബിൽ നം. | 14/2016-17, 31.03.17 |

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന ഫണ്ടിൽനിന്നും 472560 രൂപ വകയിരുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലാപ് ടോപ്പുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത M/s.ഹൈപ്പർടെക് സിസ്റ്റംസ്, കൊല്ലം എന്ന സ്ഥാപനത്തിൽനിന്നും 21480 രൂപ നിരക്കിൽ 22 ലാപ് ടോപ്പുകൾ വാങ്ങി (Invoice No.RFB157, dtd.28.03.17). വാങ്ങിയ ലാപ് ടോപ്പുകൾ പഞ്ചായത്തിൽ സ്റ്റോക്കിൽ ചേർത്ത് സൂക്ഷിച്ചിട്ടുള്ളതല്ലാതെ ഓഡിറ്റ് തീയതിവരെ (14.06.17) വിതരണം ചെയ്തിട്ടില്ല. 22 എണ്ണം വാങ്ങിയിട്ടുണ്ടെങ്കിലും 20 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഇവരിൽ 14 ഗുണഭോക്താക്കൾ മാത്രമേ അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളൂ. പദ്ധതിയ്ക്കായി രണ്ട് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടിയിരിക്കുന്നു. മാത്രവുമല്ല ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 6 പേരുടെ അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനും അവശേഷിക്കുന്നു. പദ്ധതിയ്ക്കുവേണ്ടി പണം ചെലവഴിച്ചതിനുശേഷം രണ്ടര മാസം പിന്നിട്ടിട്ടും വാങ്ങിയ ലാപ് ടോപ്പുകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കാതിരുന്നത് അധികൃതരുടെ വീഴ്ചയാണ്. ചെലവ് തുക 472560 രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഇവ എത്രയും വേഗം വിതരണം ചെയ്യേണ്ടതും, വിതരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-7 എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - വാങ്ങിയ സൈക്കിളുകളിൽ 3 എണ്ണം വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | S0022/17 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| ട്രഷറി ബിൽ നം. | 9/2016-17, 25.03.17 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി വിതരണം ചെയ്യുന്നതിന് പട്ടികജാതി വികസന ഫണ്ടിൽനിന്നും 73748 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സൈക്കിൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത M/s. പി.രാമകൃഷ്ണൻ നായർ & കമ്പനി, പുല്ലാട് എന്ന സ്ഥാപനത്തിൽനിന്നും 73748 രൂപ ചെലവഴിച്ച് 20 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട് (ലേഡീസ് സൈക്കിൾ 6 nos. @3798, 14 nos. @3640 – ഇൻവോയ്സ് നം.3487/20.03.2017). സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം സൈക്കിളുകൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരമല്ല പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല. കൂടാതെ, വാങ്ങിയ സൈക്കിളുകളിൽ 3 എണ്ണം ഓഡിറ്റ് തീയതിയിലും (15.06.2017) വിതരണം ചെയ്തിട്ടില്ല. സൈക്കിളുകൾ വാങ്ങി മൂന്ന് മാസം പിന്നിട്ടപ്പോഴും അവ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. വിതരണം ചെയ്യാത്ത സൈക്കിളുകൾക്ക് ചെലവഴിച്ച 10920 രൂപ തടസ്സത്തിൽവയ്ക്കുന്നു. സൈക്കിളുകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-8 എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - വാങ്ങിയ ഫർണിച്ചറിൽ 9 എണ്ണം വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | S0023/17 |

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| ട്രഷറി ബിൽ നം. | 13/2016-17, 31.03.17 |

പട്ടികജാതി വികസന ഫണ്ടിൽനിന്നും 216000 രൂപ വകയിരുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠന അനുബന്ധ ഉപകരണങ്ങൾ എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ കാഡ്കോയിൽനിന്നും (Kerala Artisans' Development Corporation Ltd.) ടെണ്ടർ നടപടികൾ ഒഴിവാക്കി സ്റ്റീൽമേശകളും, കസേരകളും 54 എണ്ണം വീതം വാങ്ങിയ ഇനത്തിൽ 215972 രൂപ ചെലവഴിച്ചു. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഗുണഭോക്താക്കളായ കുട്ടികളെ കണ്ടെത്തേണ്ടതെന്നും, സ്കൂൾ അധികൃതർ മുഖേന വേണം അവ വിതരണം ചെയ്യാനെന്നുമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ വ്യവസ്ഥ ഈ പദ്ധതിയുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല. കൂടാതെ, വാങ്ങിയ ഫർണിച്ചറിൽ 9 സെറ്റ് ഓഡിറ്റ് തീയതിയിലും (15.06.2017) വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിൽ അവശേഷിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. 17.03.2017-ൽ വാങ്ങിയ ഫർണിച്ചർ മൂന്നു മാസം പിന്നിട്ടപ്പോഴും ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. വിതരണം ചെയ്യാതെ അവശേഷിച്ച 9 മേശകളുടെയും, കസേരകളുടെയും വിലയായ 36000 രൂപ (9x4000) തടസ്സത്തിൽ വയ്ക്കുന്നു. അവ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യേണ്ടതും, വിതരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-9 ഭവന പുനരുദ്ധാരണം - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല

ഓഡിറ്റ് വർഷം അസി.സെക്രട്ടറി നടപ്പിലാക്കിയിട്ടുള്ള പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതികളുടെ ഗുണഭോക്താക്കളായ അഞ്ച് പേർ മുൻകൂർ കൈപ്പറ്റി നാളിതുവരെ പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പണിപൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേര്, വിലാസം | വാർഡ് നം. | കൈപ്പറ്റിയ മുൻകൂർ തുക | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക | മുൻകൂർ കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|---|
| 1 | 150/17 (SO) | ശ്രീമതി സുധാ ആനന്ദൻ, നീലിയേത്ത്, ഐമാലി ഈസ്റ്റ് | III | 10000 | 15000 | 14.01.17 |
| 2 | 24/17 | ശ്രീമതി ജാനകി, കല്ലുംകൂട്ടത്തിൽ, പറയനാലി | IV | 10000 | 15000 | 13.01.17 |
| | | ശ്രീമതി രജിതാ റാണി, ഈറനിൽക്കുന്നതിൽ | X | 10000 | 15000 | 27.02.17 |
| 3 | 147/17 (SO) | ശ്രീ രാമചന്ദ്രൻ, ചന്ദ്രവിലാസം, ഐമാലി | III | 10000 | 15000 | 18.03.17 |
| | | ശ്രീമതി ചെല്ലമ്മ കെ., കയ്യാലേത്ത് വടക്കേതിൽ, ഐമാലി | III | 10000 | 15000 | 18.03.17 |

ടി ഗുണഭോക്താക്കൾ പണിപൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻകൂർ തുക പലിശസഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-10 എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകൾ നടപ്പിലാക്കിയതിൽ അപാകത

എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്ന നിബന്ധനകൾ വേണ്ടവിധം പാലിക്കപ്പെട്ടിട്ടില്ല [സ.ഉ.(എം.എസ്.)നം.4/2016/തസ്വഭ., തീയതി 11.01.2016, ഖ: 12.1). എസ്.സി.പി./ടി.എസ്.പി. എന്നിവയിൽ കുടുംബ കേന്ദ്രീകൃത സമീപനത്തിൽ (Household centered approach) ഓരോ കുടുംബത്തിന്റെയും സാമൂഹിക-സാമ്പത്തിക വികസനത്തിനാണ് ഊന്നൽ നൽകേണ്ടതെന്നും, എസ്.സി.പി./ടി.എസ്.പി. സമഗ്ര സർവ്വേയുടെ ഡാറ്റ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം എസ്.സി.പി./ടിഎസ്.പി. പ്രോജക്ടുകൾ തയ്യാറാക്കേണ്ടതെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചല്ല പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് സ്ഥാപനതലത്തിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്നും, നിരീക്ഷണ കമ്മിറ്റികൾ നടത്തുന്ന നിർവ്വഹണ പുരോഗതി യോഗത്തിന്റെ മിനിട്സ് തദ്ദേശ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്ത നടപടി ആവശ്യമെങ്കിൽ സ്വീകരിക്കണമെന്നുമുള്ള നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. തൻവർഷം എസ്.സി.പി. ഫണ്ട് 59% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഭവന പുനരുദ്ധാരണം - ജനറൽ ( പ്രോജക്ട് നം.72) – പദ്ധതി നിർവ്വഹണത്തിൽ അപാകത

(നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.)

പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് സബ്സിഡി നൽകുന്നതിനായി 6.5 ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അംഗീകരിച്ച പ്രോജക്ട് പ്രകാരം മൊത്തം 28 ഗുണഭോക്താക്കൾക്ക് 25000 രൂപ വീതം ധനസാഹയം വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ആകെ 26 ഗുണഭോക്താക്കളാണ് ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് ധനസഹായം കൈപ്പറ്റിയിട്ടുള്ളത്. ഇതിൽ രണ്ട് ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു തുകയായ 10000 രൂപ വീതം മാത്രമാണ് സബ്സിഡി വിതരണം ചെയ്തിട്ടുള്ളത്. ഇവർ സാമ്പത്തിക വർഷാന്ത്യത്തിന് മുമ്പ് പണി പൂർത്തിയാക്കി അവസാന ഗഡു ആവശ്യപ്പെട്ടെങ്കിലും ബില്ലുമാറി തുക നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ചവരുത്തി. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല. 09.09.2016-ൽ പദ്ധതിയ്ക്ക് ഡി.പി.സി-യുടെ അംഗീകാരം ലഭിച്ചെങ്കിലും 2017 ഫെബ്രുവരി മാസമാണ് പ്രോജക്ടിന്റെ നിർവ്വഹണം ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതിയ്ക്കായി 14 വാർഡുകളിൽനിന്നുമായി ആകെ 151 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ 28 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള തുക മാത്രമാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി ഫണ്ട് വകയിരുത്താതിരുന്നത് അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം പേർക്കും പദ്ധതിയുടെ ആനുകൂല്യം നിഷേധിക്കുന്നതിന് ഇടയായി. ഈ പദ്ധതിയുടെ നടത്തിപ്പിലുണ്ടായിട്ടുള്ള മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വരുമാന പരിധി 50000 രൂപക്കു വിധേയമായി ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ ഗുണഭോക്താക്കൾ ബി.പി.എൽ. വിഭാഗത്തിൽ പ്പെടുന്നതാണെന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഭവനപുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ വീടുകളുടെ കാലപഴക്കം നിർണ്ണയിക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.

3. എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി വിതരണം ചെയ്യേണ്ടതെന്ന നിബന്ധന പാലിച്ചിട്ടില്ല. എഞ്ചിനീയറുടെ മെഷർമെന്റിന് പകരം എൽ.എസ്.ജി.ഡി. ഓവർസീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ഭവന പുനരുദ്ധാരണം - അൻപത് വയസ്സിന് മുകളിലുള്ളവർക്ക് ( പ്രോ. നം .88) – വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതിയായി ഏറ്റെടുത്തത് അനുചിതം

(നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.)

ടി പദ്ധതിയുടെ ഭാഗമായി അൻപത് വയസ്സിന് മുകളിലുള്ള 22 ഗുണേഭാക്താക്കൾക്ക് 25000 രൂപ വീതം ഭവന പുനരുദ്ധാരണത്തിന് ധനസഹായം വിതരണം ചെയ്യുന്നതിന് 550000 രൂപ വികസസന ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വൃദ്ധർക്കുള്ള പ്രത്യേക പദ്ധതിയായാണ് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ടിൽനിന്നും കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നീ വിഭാഗക്കാർക്കുവേണ്ടി 5% തുക നീക്കിവയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വയോജനങ്ങൾക്ക് മാത്രമായി നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് ഈ വിഭാഗത്തിൽ ഏറ്റെടുക്കേണ്ടത്. പകരം കുടുംബത്തിലെ എല്ലാവർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് പുനരുദ്ധാരണം പോലെയുള്ള പദ്ധതികൾ വയോജനങ്ങൾക്കുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അനുചിതമാണ്.

2. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വരുമാന പരിധി 50000 രൂപക്കു വിധേയമായി ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ ഗുണഭോക്താക്കൾ ബി.പി.എൽ. വിഭാഗത്തിൽ പ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഭവനപുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ വീടുകളുടെ കാലപഴക്കം നിർണ്ണയിക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.

4. എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി വിതരണം ചെയ്യേണ്ടതെന്ന നിബന്ധന പാലിച്ചിട്ടില്ല. എഞ്ചിനീയറുടെ മെഷർമെന്റിന് പകരം എൽ.എസ്.ജി.ഡി. ഓവർസീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 എം.എൻ. ലക്ഷംവീട് - ഇരട്ട വീടുകൾ ഒറ്റവീടാക്കൽ ( പ്രോ. നം . 155/17) – പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടു - ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കണം

(നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.)

2016-17-ലെ വാർഷിക പദ്ധതിയിൽ പ്രൊജക്ട് നം.155/17 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള എം.എൻ. ലക്ഷം വീട് ഇരട്ടവീടുകൾ ഒറ്റവീടുകളാക്കൽ എന്ന പ്രോജക്ട് 2011-12 വർഷം ആവിഷ്കരിച്ച പദ്ധതിയാണ് (പ്രോജക്ട് നം. S005/12). ആകെ പദ്ധതി അടങ്കൽ 35.75 ലക്ഷം

രൂപയായിരുന്നു. 2011-12-ൽ ഈ പദ്ധതിയ്ക്ക് 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി വാർഷിക പദ്ധതി ചെലവ് പത്രിക സൂചിപ്പിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈ പദ്ധതി സ്പിൽ ഓവറായി നിലനിർത്തിവരികയാണെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 13.01.12-ൽ 35.75 ലക്ഷം രൂപ 31.01.2012-ൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളതിൽ 10 ലക്ഷം രൂപ കിഴിച്ചുള്ള തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നു. പദ്ധതി നടപ്പിലാക്കാതെ സ്പിൽ ഓവറായി നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം ആരാഞ്ഞതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ വിശദീകരണത്തിൽ എം.എൻ. ലക്ഷം വീട് പദ്ധതിയുടെ ഭാഗമായി 40 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരുന്നതെന്നും, ഇതിൽ ജനറൽ വിഭാഗത്തിന് 75000 രൂപയും, പട്ടികജാതി വിഭാഗത്തിന് 100000 രൂപയും സബ്സിഡി നൽകുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നതെന്നും വ്യക്തമാക്കി. ഇതിൽ 9 ഗുണഭോക്താക്കൾ കരാർ വയ്ക്കുകയും പണിപൂർത്തിയാക്കുകയും ചെയ്തതായും നിലവിൽ ഭവനനിർമ്മാണത്തിന് രണ്ടുലക്ഷം രൂപ സബ്സിഡി നൽകുന്നതിനാൽ ബാക്കിയുള്ള ഗുണഭോക്താക്കൾ കുറഞ്ഞ നിരക്കിലുള്ള സബ്സിഡി തുക ഉപയോഗിച്ച് ഭവനനിർമ്മാണം ഏറ്റെടുക്കാൻ കഴിയില്ലെന്ന് അറിയിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

നിലവിലുള്ള സാഹചര്യത്തിൽ ഈ പദ്ധതി തുടർന്ന് നടപ്പിലാക്കുക പ്രായോഗികമല്ലാത്തതിനാൽ പദ്ധതി അവസാനിപ്പിച്ച് പഞ്ചായത്ത് ഫണ്ടിൽ ബാക്കി നിൽക്കുന്ന തുക (₹ 2575000) സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14. വിധവകൾ ഗൃഹനാഥയായിട്ടുള്ള കുടുംബത്തിന് വീട് (പ്രോ.നം.180/17) – സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല

(നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.)

ടി പദ്ധതിയുടെ ഭാഗമായി ഗൃഹനാഥരായ 3 വിധവകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം വിതരണം ചെയ്യുന്നതിനായി പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 6 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി ഒരു ഗുണഭോക്താവിന് 80000 രൂപയും, 2 ഗുണഭോക്താക്കൾക്ക് 140000 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ഐ.എ.വൈ.പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ-മത്സ്യവകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതി എന്നിവയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നല്കിയതിനുശേഷം അർഹരായ ഗുണഭോക്താക്കൾ അവശേഷിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച അന്തിമ ഗുണഭോക്തൃലിസ്റ്റ് സർക്കാരിനയച്ച് അംഗീകാരം ലഭിച്ച ശേഷം മാത്രമേ ഗ്രാമപഞ്ചായത്ത് പുതിയ വീടുകൾക്കായി പ്രോജക്ട് തയ്യാറാക്കാൻ പാടുള്ളൂ എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇപ്രകാരം ലിസ്റ്റ് തയ്യാറാക്കുകയോ സർക്കാർ അംഗീകാരം തേടുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2. നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ, കൈമാറ്റം ചെയ്യുകയോ ഇല്ലെന്നുള്ളതിന് ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണമെന്ന മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചിട്ടില്ല. ശൂന്യമായ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വ്യവസ്ഥകൾ എഴുതി ചേർത്ത് കരാർ ചമച്ചിട്ടില്ല.

3. ഭവന നിർമ്മാണത്തിന് കരാറിലേർപ്പെട്ടു കഴിഞ്ഞാൽ 10% തുക മുൻകൂറായും തുടർന്നുള്ള ഗഡുക്കൾ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അഭാവത്തിലാണ് ഗഡുക്കൾ വിതരണം ചെയ്തിരിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡിതര ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾ എന്ന് മാത്രമല്ല അർത്ഥമാക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കേണ്ടത് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 11.1 (x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 8 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 19.15 രൂപ യഥാസമയം ചെലവഴിക്കാനായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ബാക്കി തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 18 | 4288001 | 10 | 2373215 | 1914786 | 55.35 |

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-16 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വൻ വീഴ്ച

ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. കേവലം 31 ശതമാനം ഫണ്ട് മാത്രമാണ് ചെലവഴിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|
| 6572142 | 2029947 | 4542195 | 30.89 |

അതത് സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് ഉദ്ദേശിച്ചാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന സർക്കാർ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കാതെ ലാപ്സാക്കുന്നത് ഉചിതമല്ല. റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ലഭിച്ച ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഫണ്ട് വിനിയോഗം കാര്യക്ഷമമവും, സമയബന്ധിതവുമാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ലോക ബാങ്ക് സഹായ തുക മുഴുവൻ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക്

ഓഡിറ്റ് വർഷം കെ.എൽ.ജി.എസ്.ഡി.പി. പദ്ധതിയിൻ കീഴിൽ ലോക ബാങ്ക് സഹായം (പെർഫോമൻസ് ഗ്രാന്റ്) ഇനത്തിൽ ലഭ്യമായ തുക മുഴുവൻ ഗ്രാമപഞ്ചായത്തിലെ 14 വാർഡിലേക്കും തുല്യമായി വീതം വച്ച് (13x154586, 1x154606) റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കു നല്കുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വേൾഡ് ബാങ്ക് ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കേരള ലോക്കൽ ഗവ:സർവ്വീസ് ഡലിവറി പ്രോജക്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുക, സാമ്പത്തികവും വികസനപരവുമായ പ്രവർത്തനം മെച്ചപ്പെടുത്തുക, പരിശീലന പരിപാടികൾ കുറ്റമറ്റതാക്കുക, സ്ഥിതിവിവര കണക്കുകൾ പൂർണ്ണമാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിട്ടർ ചെയ്യുക, ജനങ്ങൾക്ക് നല്കുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയായിരുന്നു പ്രോജക്ടിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. 16.11.11-ലെ ജി.ഒ.(ആർ.ടി) 2668/11/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച അധിക മാർഗ്ഗരേഖയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിങ്ങനെയുള്ള സേവനങ്ങൾ മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പ്രോജക്ടുകൾ ലോകബാങ്ക് വിഹിതം വിനിയോഗിച്ചുള്ള പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ ഗ്രാമപഞ്ചായത്ത് കെ.എൽ.ജി.എസ്.ഡി.പി-യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊള്ളാതെയാണ് ഓഡിറ്റ് വർഷം ലഭ്യമായ ഫണ്ട് മുഴുവനും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വിനിയോഗിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 2016-17 | 14 | 2164224 | 7 | 1082102 | 50% |

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെയോ, അങ്കണവാടികൾ, ആശുപത്രികൾ തുടങ്ങി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയോ അടിസ്ഥാന സൗകര്യ വികസനത്തിനായി യാതൊന്നും ചെയ്യാതെ കിട്ടിയ ഫണ്ട് മുഴുവൻ റോഡ് പണിക്ക് നീക്കിവച്ചത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ബോധപൂർവ്വമായ അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-18 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷം (2016-17) ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ 4 പ്രോജക്ടുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയത് ക്രമപ്രകാരമല്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണം മാർഗ്ഗരേഖ പ്രകാരം [സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ., തീ.11.01.16] ചുവടെ ചേർക്കുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടതാണ്.

1. കുടിവെള്ള വിതരണം
2. ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം ഉൾപ്പടെ
3. മലിനജല നിർഗ്ഗമന സംവിധാനങ്ങളും ഖരമാലിന്യ പരിപാലനവും
4. സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം
5. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം
6. തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡിനിരുവശവുമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റ്
7. ശ്മശാനങ്ങൾ സ്ഥാപിക്കൽ/ആരംഭിക്കൽ

ഓരോ വർഷവും ഏതെങ്കിലും ഒരു അടിസ്ഥാന സേവനത്തിനു മാത്രം മുൻഗണന നൽകണമെന്നും, ഇപ്രകാരമുള്ള അടിസ്ഥാന സേവനം സമ്പൂർണ്ണമാക്കുന്നതിനാകണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടതെന്നും മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി മുൻഗണന നൽകേണ്ട ഏതെങ്കിലും അടിസ്ഥാന സേവന മേഖല നിശ്ചയിച്ചില്ലെന്നു മാത്രമല്ല ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്താൻ അനുമതിയില്ലാത്ത മേഖലകളിൽ ആയത് വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് |
|---|---|---|---|---|
| 1 | 30/17 | കന്നുകുട്ടി പരിപാലനം | 112500 | 112500 |
| 2 | 72/17 | ഭവന പുനരുദ്ധാരണം | 650000 | 650000 |
| 3 | 6/17 | ഐ.കെ.എം.വാർഷിക പ്രവർത്തന ഫണ്ട് | 57700 | 57700 |
| 4 | 190/17 | പി.എം.എ.വൈ.അധിക വിഹിതം നൽകൽ | 50000 | 50000 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫണ്ട് വകയിരുത്തി ചെലവ് ചെയ്തത് ശ്രദ്ധയിൽപ്പെടുത്തുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം ക്രമപ്രകാരമായിരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല

കാർഷിക മേഖലയിലെ പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കുന്നില്ല. ഓഡിറ്റ് വർഷം വികസന ഫണ്ടിൽനിന്നും 10.33 ലക്ഷം രൂപ അടങ്കൽ വകയിരുത്തി ആറ് പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ വികസന ഫണ്ട് | ചെലവ് |
|---|---|---|---|
| 26/17 | തെങ്ങ് കൃഷി | 450000 | 450000 |
| 27/17 | വാഴകൃഷി | 260000 | 260000 |
| 28/17 | നെൽകൃഷി | 87036 | 87036 |
| 52/17 | പച്ചക്കറി കൃഷി (വനിത) | 71200 | 71200 |
| 90/17 | വെറ്റില കൃഷി | 15000 | 15000 |
| 141/17 | പച്ചക്കറി കൃഷി (ഗ്രോ ബാഗ്), വനിത | 150000 | 150000 |

വാർഷിക പദ്ധതിയിൽ കാർഷിക മേഖലയ്ക്കുള്ള വകയിരുത്തൽ നാമമാത്രമാണ്. കാർഷിക മേഖലയുടെ സ്ഥായിയായ പുരോഗതിയ്ക്ക് ആവശ്യമായ സമഗ്രമായ പദ്ധതികൾ ഒന്നുംതന്നെ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നില്ല. ഏറ്റെടുക്കുന്ന പദ്ധതികളുടെ കാര്യത്തിലാകട്ടെ അവ

സമയബന്ധിതമായി നടപ്പിലാക്കുന്നമില്ല. അംഗീകരിച്ച പ്രോജക്ടുകളിലെ നിർവ്വഹണ കലണ്ടർ അനുസരിച്ച് ടി പദ്ധതികൾ എല്ലാം തന്നെ ഒക്ടോബർ മാസം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും മാർച്ച് മാസത്തിലെ അവസാന വാരത്തിലാണ് പദ്ധതിയ്ക്കാവശ്യമായ നടീൽ വസ്തുക്കളും, വളവും വിതരണം ചെയ്തിട്ടുള്ളത്. വിളവർദ്ധനയ്ക്കുള്ള പദ്ധതികൾ കൊടും വേനൽക്കാലമായ മാർച്ച് മാസത്തിൽ നടപ്പിലാക്കുന്നതിനാൽ പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ച യഥാർത്ഥ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല. കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-20 കാർഷിക കർമ്മ സേനയ്ക്ക് കൈമാറിയ യന്ത്രോപകരണങ്ങളുടെ മെയിന്റനൻസ് കർമ്മ സേന വഹിക്കണം

കൃഷി ഭവന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മ സേനയ്ക്ക് കൈമാറിയിട്ടുള്ളതും, കർമ്മ സമിതി പ്രവർത്തിപ്പിച്ച് വാടക പിരിക്കുന്നതുമായ ട്രാക്ടറിന് ഹുഡ് വാങ്ങുന്നതിനായി ഓഡിറ്റ് വർഷം (2016-17) പ്രോജക്ട് നം. S0140/17 പ്രകാരം വികസന ഫണ്ടിൽനിന്നും 50000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. പ്രോജക്ടിന്റെ ഭാഗമായി ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും 50000 രൂപ ചെലവഴിച്ച് ഹുഡ് വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഹുഡ് ട്രാക്ടറിൽ ഘടിപ്പിക്കാതെ കാർഷിക യന്ത്രോപകരണങ്ങളോടൊപ്പം ഷെഡിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു.

ഈ ട്രാക്ടർ ഉൾപ്പെടെ കൃഷിഭവന്റെ ഉടമസ്ഥതയിലുള്ള കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗവും, പരിപാലനവും കാർഷിക കർമ്മ സേനയ്ക്ക് ഏൽപ്പിച്ച് നൽകിയിട്ടുള്ളതാണ്. ഇവ പ്രവർത്തിപ്പിച്ച് ലഭിക്കുന്ന വാടക കർമ്മ സേനയുടെ അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. കർമ്മ സേനയുടെ നിയന്ത്രണത്തിലുള്ള കാർഷിക യന്ത്രോപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | യന്ത്രം | വാടക (മണിക്കൂറിൽ) |
|---|---|---|
| 1 | ട്രാക്ടർ (2 എണ്ണം) | 650 |
| 2 | പവർ ടില്ലർ | 350 |
| 3 | ഗാർഡൻ ടില്ലർ | 300 |
| 4 | കാട് വെട്ടി യന്ത്രം (6 എണ്ണം) | 300 |
| 5 | പവർ സ്പ്രേയർ | 350 |
| 6 | റോക്കർ സ്പ്രേയർ | 300 |
| 7 | ഓഗർ | 350 |
| 8 | ചെയിൻ | 500 |
| 9 | പമ്പ് സെറ്റ് | 500 |
| 10 | സ്പ്രേയർ | 300 |

ടി ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുക കർമ്മ സമിതിയുടെ വരുമാനമായതിനാൽ യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും വേണ്ടുന്ന ചെലവ് കർമ്മ സമിതിതന്നെ വഹിക്കേണ്ടതാണ്. ഓഡിറ്റ് തീയതിയിൽ കർമ്മസമിതിയുടെ ബാങ്ക് അക്കൗണ്ടിൽ 41761 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഈ സാഹചര്യത്തിൽ ട്രാക്ടറിന്റെ ഹുഡ് വാങ്ങുന്നതിനായി പഞ്ചായത്തിന്റെ വികസന ഫണ്ട് ചെലവഴിച്ചത് ഒഴിവാക്കാമായിരുന്നു. ഭാവിയിൽ ഇപ്രകാരമുള്ള ചെലവുകൾ കർമ്മസമിതിയുടെ

വരുമാനത്തിൽനിന്നു തന്നെ കണ്ടെത്തേണ്ടതാണ്.

## 3-21 കർമ്മ സേനയ്ക്ക് കൈമാറിയ ട്രാക്ടർ സംരക്ഷണമില്ലാതെ നശിക്കുന്നു

2009-10-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഓമല്ലൂർ കൃഷിഭവന് ഒരു ട്രാക്ടർ വാങ്ങി നൽകിയിരുന്നു (Mahindra - KL03-T-4207). ഈ ട്രാക്ടർ 30.01.2016-ൽ കാർഷിക കർമ്മ സേനയ്ക്ക് കൈമാറി. കർമ്മ സേന നിലം ഉഴുന്നതിന് വാടകയ്ക്ക് നൽകി വരുമാനം ഉണ്ടാക്കികൊണ്ടിരുന്ന ഈ ട്രാക്ടർ മുണ്ടകൻ കൃഷിക്ക് നിലം ഉഴുന്നതിനായി കൊണ്ടുപോയപ്പോൾ മറിഞ്ഞ് കേടുപാട് പറ്റി പ്രവർത്തനക്ഷമമല്ലാതായതിനെ തുടർന്ന് കെട്ടിവലിച്ച് കൊണ്ടുവന്ന് കൃഷിഭവൻ പരിസരത്ത് ഇട്ടിരിക്കുകയാണ്. ട്രാക്ടർ നാളിതുവരെ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കുന്നതിന് കർമ്മസമിതിയോ, ട്രാക്ടറുടെ ഉടമസ്ഥരായ കൃഷിഭവനോ നടപടി സ്വീകരിച്ചിട്ടില്ല. ഇത് മഴയും വെയിലും ഏറ്റ് തുറസ്സായ സ്ഥലത്ത് കിടന്ന് തുരുമ്പ് എടുത്ത് നശിക്കുകയാണ്. ചുറ്റ കാടും പിടിച്ച് ട്രാക്ടർ മൂടിയിരിക്കുന്നു. ട്രാക്ടർ മഴയും വെയിലും ഏൽക്കാതെ ഒരു ടാർപോളിൻ വാങ്ങി മൂടി സംരക്ഷിക്കുന്നതിനുപോലും ബന്ധപ്പെട്ടവർ ശ്രമിച്ചിട്ടില്ല. ട്രാക്ടറിന് രജിസ്ട്രേഷനും, ഇൻഷ്വറൻസും ഉണ്ടായിരുന്നെന്നാണ് ഓഡിറ്റിന് ലഭിച്ച വിവരം. എന്നാൽ അപകടത്തിൽപെട്ട് കേടുപാട് പറ്റിയ ട്രാക്ടറിന് ഇൻഷ്വറൻസ് തുക ക്ലെയിം ചെയ്ത് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുന്നതിന് അധികൃതർ നടപടി എടുത്തിട്ടില്ല. ലക്ഷങ്ങൾ വിലമതിക്കുന്ന ഒരു ആസ്തി അധികൃതരുടെ അനാസ്ഥമൂലം നശിക്കുന്ന അവസ്ഥയിലാണ്.

ട്രാക്ടർ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കി സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ടവർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ട്രാക്ടർ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി കൃഷി ഓഫീസർ സമയബന്ധിതമായി സ്വീകരിക്കാതിരിക്കുകയും അതുമൂലം ട്രാക്ടർ ഉപയോഗശൂന്യമായിത്തീരുകയും ചെയ്യുന്ന പക്ഷം ആയതുമൂലമുണ്ടാകുന്ന നഷ്ടം കൃഷി ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 കൃഷിഭവന് കറണ്ട് ചാർജ്ജ് ഒടുക്കുന്നത് കൊമേഴ്സ്യൽ സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കിൽ - ഇരട്ടിയിലധികം ചാർജ്ജ് നൽകേണ്ടിവരുന്നു

ഓമല്ലൂർ കൃഷിഭവൻ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വൈദ്യുതി കണക്ഷന് (കൺസ്യൂമർ നം.1146104015228) ചാർജ്ജ് ഒടുക്കുന്നത് വാണിജ്യ സ്ഥാപനങ്ങൾക്ക് ബാധകമായ LT-7A താരിഫ് നിരക്കിലാണ്. ശരാശരി 2000 രൂപ നിരക്കിലാണ് കൃഷിഭവൻ വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നത്. സർക്കാർ ഓഫീസുകൾക്ക് LT-6B താരിഫാണ് ബാധകമായിട്ടുള്ളത്. സർക്കാർ ഓഫീസുകൾക്ക് ബാധകമായ കുറഞ്ഞ നിരക്കിന് പകരം കൊമേഴ്സ്യൽ സ്ഥാപനങ്ങൾക്ക് ബാധകമായ ഉയർന്ന നിരക്കിൽ ചാർജ്ജ് ഒടുക്കുന്നതിനാൽ ഇരട്ടിയലധികം തുക വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടിവരുന്നു. വർഷങ്ങളായി ഈ നില തുടരുന്നതിനാൽ ഗണ്യമായ തുകയാണ് പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-23 കൃഷി ഭവന്റെ വാട്ടർ ചാർജ്ജ് ഇനത്തിൽ വർഷാവർഷം വൻതുക അഡീഷണൽ ചാർജ്ജ് ഒടുക്കുന്നു

കൃഷി ഭവന്റെ വെള്ളക്കരം ഇനത്തിൽ 30.11.2016-ലെ 21600576 നമ്പർ വൗച്ചർ പ്രകാരം 56425 രൂപ അഡീഷണൽ ബിൽ തുക ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ദ്വൈമാസ വാട്ടർ ചാർജ്ജ് ഇനത്തിൽ 7924 രൂപയും അഡീഷണൽ ചാർജ്ജ് ഇനത്തിൽ 48501 രൂപയുമാണ് ചാർജ്ജ് ചെയ്തിട്ടുള്ളത്. അഡീഷണൽ ചാർജ്ജിൽ 951 രൂപ പിഴയും ഉൾപെട്ടിട്ടുണ്ട്. ഡിമാന്റ് നോട്ടീസിൽ എന്നുമുതലുള്ള വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിൽ, ഓമല്ലൂർ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾക്ക് കൃഷിഭവന്റെ കണക്ഷനാണ് ഉപയോഗിച്ചിട്ടുള്ളതെന്നും ഈ ടാപ്പുകളിലെ വെള്ളം മാർക്കറ്റ് ദിവസങ്ങളിൽ മത്സ്യ മാർക്കറ്റ് വൃത്തിയാക്കുന്നതിനും ഒരു മാസം നീണ്ടുനിൽക്കുന്ന വയൽ വാണിഭ സമയത്ത് നേഴ്സറികളിലെ ചെടികൾ നനയ്ക്കുന്നതിനും കൂടാതെ മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷനിലെ ആവശ്യത്തിനും ഉപയോഗിക്കുന്നുണ്ടെന്ന് അധികൃതർ വിശദീകരിച്ചു.

മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവിടങ്ങളിലേക്ക് കൃഷി ഭവന്റെ വാട്ടർ കണക്ഷനിൽനിന്നും വെള്ളം എടുക്കുന്നതിനാൽ വെള്ളത്തിന്റെ ഉപഭോഗം അനുവദനീയമായ പരിധി കടക്കുകയും അധിക ഉപഭോഗത്തിന് അഡീഷണൽ ചാർജ്ജും, പിഴൽ ചാർജ്ജും ഒടുക്കേണ്ടി വരുകയും ചെയ്യുന്നു. മാർക്കറ്റിലേക്കും, കംഫർട്ട് സ്റ്റേഷനിലേക്കും പ്രത്യേകം കണക്ഷൻ എടുക്കുകയാണെങ്കിൽ പഞ്ചായത്ത് ഫണ്ടിൽനിന്നും വൻതുക അഡീഷണൽ ചാർജ്ജ് അടയ്ക്കേണ്ട സാഹചര്യം ഒഴിവാക്കാവുന്നതാണ്. ഈ വിഷയത്തിൽ അധികൃതരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-24 അറവുശാല നിർമ്മാണം - ആറ് വർഷം പിന്നിട്ടിട്ടും പൂർത്തിയായില്ല

2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പണി ആരംഭിച്ച ആധുനിക അറവു ശാലയുടെ നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. പദ്ധതിയ്ക്ക് ഇത് വരെ മുടക്കിയ 22.51 ലക്ഷം രൂപ നിഷ്ഫലമായി അവശേഷിക്കുന്നു. ഈ പ്രവൃത്തിക്ക് 35 ലക്ഷം രൂപയായിരുന്നു അടങ്കൽ നിശ്ചയിച്ചിരുന്നത്. പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്.

| | | |
|---|---|---|
| 1 | Building & Accessories | 1590000 |
| 2 | Mechanical and electrical | 900000 |
| 3 | Septic Tank | 47000 |

| | | |
|---|---|---|
| 4 | Biogas Plant | 658000 |
| 5 | Lairage | 175000 |
| 6 | Electrification | 60000 |
| 7 | Plumbing | 70000 |
| | | 3500000 |

പദ്ധതിയുടെ ഭാഗമായി 2993019 രൂപയുടെ ഒരു ഡീറ്റയ്ൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുകയും 15% ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സന്തോഷ് കുമാർ, മേലേതിൽ പ്രക്കാനം എന്ന കരാറുകാരൻ 23.03.2012-ൽ ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതുമാണ്. പ്രവൃത്തി നടത്തിവരവെ ശുചിത്വ മിഷനിൽനിന്നും വിദഗ്ദ്ധ സംഘം പരിശോധന നടത്തി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2014-15 വർഷം 3693510 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി. റിവൈസ്ഡ് എസ്റ്റിമേറ്റിൽനിന്നും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ലെയ്റേജ്, പ്ലംബിംഗ് പ്രവൃത്തികൾ ഒഴിവാക്കുകയും ഇവ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പുതിയ പ്രോജക്ട് രൂപീകരിച്ചു. മെക്കാനിക്കൽ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായുള്ള ഡെപ്പോസിറ്റ് വർക്ക് എന്നിവ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ടു പുതിയ പ്രോജക്ടുകൾ രൂപീകരിക്കുകയും ചെയ്തു.

2011-12 വർഷം ആരംഭിച്ച പ്രവൃത്തിയുടെ സിവിൽ വർക്കുകൾ 80% മാത്രമാണ് നാളിതുവരെ പൂർത്തിയായിട്ടുള്ളത്. കരാറുകാരന് മൂന്ന് പാർട്ട് ബില്ലുകളിലായി ആകെ 1523236 രൂപ നൽകിയിട്ടുള്ളതായി അളവ് പുസ്തകം പരിശോധിച്ചതിൽനിന്നും കാണുന്നു. 12.11.2014-ലാണ് മൂന്നാം പാർട്ട് ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത്. കരാറുകാരൻ തുടർന്ന് പണിയൊന്നും നടത്തിയിട്ടില്ല. കെട്ടിട നിർമ്മാണം 80%-വും, സെപ്റ്റിക് ടാങ്ക് പിറ്റിന്റെ നിർമ്മാണവും മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അറവുശാലയോട് ചേർന്നുള്ള ബയോഗ്യാസ് പ്ലാന്റ്, ലെയ്റേജ്, പ്ലംബിംഗ് പ്രവൃത്തികൾ അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ല. ഇലക്ട്രിഫിക്കേഷന് 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി 727875 രൂപ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി നടത്തിയിട്ടില്ല. മെക്കാനിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 9 ലക്ഷം രൂപയുടെ പ്രോജക്ട് 2013-14-ലെ വാർഷിക പദ്ധതി മുതൽ നിലവിലുണ്ടെങ്കിലും കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ആയത് നടപ്പിലാക്കിയിട്ടില്ല. പദ്ധതിയ്ക്കായി നാളിതുവരെ പൊതു ഖജനാവിൽനിന്നും 2251111 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കണ്ടിട്ടില്ല.



നിർമ്മാണം പൂർത്തിയാക്കാത്ത അറവുശാല കെട്ടിടം

പദ്ധതിയടങ്കലിന്റെ പകുതിയിലേറെ തുക ഇതുവരെ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കാണാതെ കിടക്കുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള തികഞ്ഞ അനാസ്ഥ മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അറവു ശാല നിർമ്മിക്കുന്നതുകൊണ്ട് ഗ്രാമപഞ്ചായത്തിന് ലഭ്യമാകാമായിരുന്ന വരുമാനം പദ്ധതി അനന്തമായി നീണ്ടുപോകുന്നതുമൂലം നഷ്ടമാകുന്ന സാഹചര്യമാണ്. പദ്ധതി പൂർത്തീകരണത്തിന് തടസ്സമായ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ പഞ്ചായത്ത് ഭരണ സമിതി കൈകൊള്ളേണ്ടതാണ്. ഈ വിഷയത്തിൽ നിഷ്ക്രിയത്വം തുടരുന്നത് പദ്ധതി അടങ്കൽ വലിയതോതിൽ വർദ്ധിക്കുന്നതിനിടയാക്കുമെന്നുള്ള കാര്യവും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-25 ഓമല്ലൂർ മാർക്കറ്റിൽ മാലിന്യ പ്രശ്നം രൂക്ഷം - പ്ലാന്റ് നിർമ്മിക്കുന്നതിന് ആറ് വർഷം മുമ്പ് ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയില്ല

2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1374250 രൂപ അടങ്കൽ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. വികസന ഫണ്ട് ഇനത്തിൽ 220000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 500000 രൂപയും, നിർമ്മൽ പുരസ്കാര തുക 475000 രൂപയും, ശുചിത്വ മിഷൻ തുക 179250 രൂപയുമായിരുന്നു പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. 100 കിലോ മാലിന്യം ഒരു ദിവസം നിർമ്മാർജ്ജനം ചെയ്യുവാൻ സഹായകരമായ പ്ലാന്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തു. അറവുശാല നിർമ്മാണം കരാറെടുത്ത ശ്രീ സന്തോഷ് കുമാർ, മേലേതിൽ, പ്രക്കാനം എന്ന കരാറുകാരനാണ് ഈ പ്രവൃത്തിയുടെ കരാറെടുത്തിട്ടുള്ളത്. 23.03.2012-ൽ ടിയാൻ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് (എഗ്രിമെന്റ് നം.42/2011-12/AE/LSGD/OMLR, dtd.23.03.2012) പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി നടത്തിയിട്ടില്ല. 2011-12 മുതൽ ഈ പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയിരിക്കുകയാണ്. എഗ്രിമെന്റ് വച്ച് പ്രവൃത്തി നടത്തുന്നതിന് വീഴ്ചവരുത്തിയ കരാറുകാരനെതിരെ നിർവ്വഹണ ചുമതലയുള്ള അസി.എഞ്ചിനീയർ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. ഓമല്ലൂർ മാർക്കറ്റിൽനിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ മാർക്കറ്റിനുള്ളിൽതന്നെ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. മത്സ്യ/മാംസ അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ വേണ്ടവിധം സംസ്കരിക്കാതെ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുന്നത് സാംക്രമിക രോഗങ്ങൾ പടരുന്നതിന് ഇടയാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. മാർക്കറ്റിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനം ഒരുക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ആറ് വർഷം മുമ്പ് ആവിഷ്കരിച്ച ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കാതിരിക്കുന്നത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുള്ള ഗുരുതരമായ അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു.

പഞ്ചായത്ത് ഭരണസമിതി ഈ വിഷയം അടിയന്തിരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-26 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല

2016-17 സാമ്പത്തിക വർഷം പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S004/17) പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതിക്കായി വികസന ഫണ്ട് രണ്ട് ലക്ഷവും ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ഓരോ ലക്ഷവുമുൾപ്പടെ ആകെ 400000/-രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതമായ ഒരു ലക്ഷം രൂപ ലഭ്യമാകാത്തതിനാൽ പദ്ധതി ചെലവ് 300000 രൂപയായി ചുരുങ്ങി. ഇതുമൂലം പദ്ധതിയിലുൾപ്പെട്ട 25 ഗുണഭോക്താക്കൾക്ക് ചുവടെ ചേർക്കും പ്രകാരമുള്ള ആനുകൂല്യം മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക | ആകെ |
|---|---|---|---|
| 1 | 20 | 12960 | 259200 |
| 2 | 3 | 8160 | 24480 |
| 3 | 1 | 10560 | 10560 |
| 4 | 1 | 5760 | 5760 |
| ആകെ | 25 | | 300000 |

പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15,200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19,500 രൂപ വരെയും

നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ഇത്തരം സംയുക്ത പദ്ധതികൾ നടപ്പിലാക്കുമ്പോൾ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും അർഹമായ നിരക്കിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-27 പൂരക പോഷകാഹാരം-കേന്ദ്ര വിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

പൂരക പോഷകാഹാര പദ്ധതിയ്ക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതത്തിൽ 2016-17 സാമ്പത്തിക വർഷാവസാനം 340115 രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. തനത് ഫണ്ടിലാണ് ഈ തുക സൂക്ഷിച്ചിട്ടുള്ളത്. ഇപ്രകാരം ലഭിക്കുന്ന കേന്ദ്ര വിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനാൽ പ്രത്യേകാവശ്യത്തിനായി ലഭിച്ച കേന്ദ്ര ഫണ്ട് വകമാറ്റി ചെലവഴിക്കാനുള്ള സാദ്ധ്യത കൂടുതലാണ്. അതോടൊപ്പം തന്നെ ഈ തുകയ്ക്ക് ലഭിക്കേണ്ട വാർഷിക പലിശയും പഞ്ചായത്ത് ഫണ്ടിലേക്ക് പോകുന്നു. സർക്കാർ ഉത്തരവ് നം. 39033/ഡി.സി2/2010 ത.സ്വ.ഭ.വ 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്ര വിഹിതത്തിൽ ശേഷിക്കുന്ന തുക അങ്കണവാടികൾക്ക് കെട്ടിടം, കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും വിനിയോഗിക്കാവുന്നതാണ്. ടി ഉത്തരവിലെ നിർദ്ദേശം പാലിച്ച് കേന്ദ്ര വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക പഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ക്രിയാത്മകമായി വിനിയോഗിക്കേണ്ടതും ഭാവിയിൽ ഇപ്രകാരം ലഭ്യമാകുന്ന കേന്ദ്ര വിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-28 അങ്കണവാടി പോഷകാഹാര പരിപാടിക്ക് പട്ടികജാതി ഫണ്ട് വകയിരുത്തിയപ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല

2016-17-ലെ വാർഷിക പദ്ധതിയിൽ അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്ക് പട്ടികജാതി വികസന ഫണ്ടിൽനിന്നും 2 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്തിട്ടുണ്ട്. അങ്കണവാടികളിൽ പഠിക്കുന്ന പൊതുവിഭാഗം, പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ വേണം പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി. ഫണ്ടുകൾ പദ്ധതിയ്ക്കായി വകയിരുത്താൻ (സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ, തീ. 11.01.2016-ഖ.9(i)). ഐ.സി.ഡി.എസ്. സൂപ്പർവൈസർ തയ്യാറാക്കിയിട്ടുള്ള ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണവും, ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായും പ്രോജക്ടിനോടൊപ്പം സമർപ്പിച്ചിരിക്കണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇത്തരമൊരു സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് പട്ടികജാതി ഫണ്ട് വകയിരുത്തി പോഷകാഹാര വിതരണത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. സർക്കാർ മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-29 അങ്കണവാടികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് വഹിക്കുന്നില്ല

ഓമല്ലൂർ ഗ്രാമപഞ്ചായത്തിലുള്ള 18 അങ്കണവാടികളുടേയും വൈദ്യുതി ചാർജ് പഞ്ചായത്ത് വഹിക്കുന്നില്ല. അതത് അങ്കണവാടികളിലെ വർക്കർമാരാണ് വൈദ്യുതി ചാർജ് നിലവിൽ ഒടുക്കി വരുന്നത്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്ന നിലയിൽ അങ്കണവാടികളുടെ വൈദ്യുതി ചാർജ് വഹിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. പൊതു ആവശ്യ ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ GO (MS) 330/2004, തീയതി 09.12.2004ഖണ്ഡിക 2(1)-V പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവയുൾപ്പടെയുള്ള കണ്ടിജന്റ് ചെലവുകൾ വഹിക്കുന്നതിന് പഞ്ചായത്തിന് ലഭിക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. ചുമതലപ്പെട്ട ചെലവ് പഞ്ചായത്ത് വഹിക്കാതെ അങ്കണവാടി വർക്കർമാർക്ക് ലഭിക്കുന്ന തുച്ഛ വരുമാനത്തിൽ നിന്ന് ഒടുക്കുവാൻ നിർബ്ബന്ധിതരാക്കുന്നത് ഉചിതമല്ല.

## 3-30 ഇ-സാക്ഷരത പദ്ധതി - പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു

സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞം എന്ന പദ്ധതി 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. S0075/16 പ്രകാരം നടപ്പിലാക്കിയ പ്രോജക്ടാണ്. പ്രോജക്ടിന് പ്ലാൻ ഫണ്ട് രണ്ട് ലക്ഷം രൂപയും, തനത് ഫണ്ട് ഒരു ലക്ഷം രൂപയും, പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് ഫൗണ്ടേഷൻ വഴി മൂന്ന് ലക്ഷം രൂപയും വകയിരുത്തിയാണ് തയ്യാറാക്കിയിരുന്നത്. ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായ പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര പദ്ധതി നടത്തിപ്പിൽനിന്നും പിൻമാറിയതിനാൽ പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. വകയിരുത്തിയ 600000 രൂപയിൽ വികസനഫണ്ടിൽ നിന്നും 160000 രൂപ ചെലവഴിച്ച് 20 ടാബുകൾ വാങ്ങിയത് മാത്രമാണ് ആകെ നടത്തിയ പദ്ധതി പ്രവർത്തനം. പാതി വഴിയിൽ നിന്നുപോയ പദ്ധതിക്കായി ആർജ്ജിച്ച ടാബുകൾ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് നൽകുകയും ഇവ നിലവിൽ ഈ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനുപയോഗിച്ചുവരികയുമാണ് ചെയ്യുന്നത്. പദ്ധതി തുടർന്നുപോകാൻ യാതൊരു സാദ്ധ്യതയുമില്ലെന്നിരിക്കെ ഈ പദ്ധതി 2016-17 സാമ്പത്തിക വർഷം സ്പില്ലോവറായി ഉൾപ്പെടുത്തിയത് (പ്രോജക്ട് നം.S0133/17) ഭാവനാശൂന്യമായ നടപടിയാണ്. ആയതിനാൽ ഈ സാമ്പത്തിക വർഷത്തോടെ പദ്ധതി അവസാനിപ്പിക്കുകയും ഇതിനായി വകയിരുത്തിയ തനത് ഫണ്ട്, വികസനഫണ്ട് എന്നിവ നിർവ്വഹണ സാദ്ധ്യതയുള്ള മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കേണ്ടതുമാണ്.

## 3-31 തുടർ സാക്ഷരത – ഓണറേറിയം ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ച തുക ക്രമീകരിക്കണം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൈവള്ളിഭാഗം, പറയനാലി എന്നീ തുടർവിദ്യാ കേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക് മാർക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ഓണറേറിയം നൽകിയ ഇനത്തിൽ ചെലവഴിച്ച തുകയിൽ 81920 രൂപ ജില്ലാ മിഷനിൽനിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-16 വർഷാന്ത്യത്തിൽ ജില്ലാ മിഷനിൽനിന്നും ലഭിക്കാൻ അവശേഷിച്ച തുക | 107520 |
| 2016-17-ൽ പഞ്ചായത്ത് ഫണ്ടിൽനിന്നും ഓണറേറിയം നൽകുന്നതിന് ചെലവഴിച്ച തുക | 124400 |
| ആകെ | 231920 |
| തൻവർഷം ജില്ലാമിഷനിൽനിന്നും ലഭിച്ച തുക | 150000 |
| വർഷാന്ത്യത്തിൽ ലഭിക്കാൻ അവശേഷിച്ച തുക | 81920 |

ജില്ലാ മിഷനിൽനിന്നും 81920 രൂപ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽനിന്നും ഈ ആവശ്യത്തിന് ചെലവഴിച്ച തുക ക്രമീകരിക്കേണ്ടതാണ്.

## 3-32 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ മുൻകാല വാർഷിക പദ്ധതികളുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ ഏജൻസികൾ മുഖാന്തിരം ഏറ്റെടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും, പൂർത്തീകരിച്ച പ്രവൃത്തികളുടെ കാര്യത്തിൽ എത്ര തുക ഏജൻസികളിൽ ചെലവാകാതെ അവശേഷിക്കുന്നു എന്നും പരിശോധിച്ച് നിശ്ചയം വരുത്താനായിട്ടില്ല.

| ക്രമ നം. | വർഷം | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | ഏജൻസി |
|---|---|---|---|---|
| 1 | 2011-12 | കിഴക്കേതിൽപടി മാരാമുറ്റത്ത്പടി പൈപ്പ് ലൈൻ നീട്ടൽ | 54050 | വാട്ടർ അതോറിറ്റി |
| 2 | 2012-13 | വിവിധ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി.) | 309951 | വാട്ടർ അതോറിറ്റി |
| 3 | 2013-14 | വിവിധ പട്ടിക ജാതി കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി.) | 250000 | വാട്ടർ അതോറിറ്റി |
| 4 | 2013-14 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 200000 | വാട്ടർ അതോറിറ്റി |
| 5 | 2013-14 | ഓമല്ലൂർ മാർക്കറ്റിൽ കുഴൽ കിണർ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കൽ | 50000 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി |
| 6 | 2014-15 | ഓമല്ലൂർ മാർക്കറ്റിൽ കുഴൽകിണർ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കൽ - രണ്ടാം ഘട്ടം | 15715 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി |
| 7 | 2015-16 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1000000 | വാട്ടർ അതോറിറ്റി |

ടി പ്രവൃത്തികളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും, ഏജൻസികളിൽ ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-33 വിവിധ ആവശ്യങ്ങൾക്കായി ലഭിച്ചതിൽ 54.78 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

മുൻവർഷങ്ങളിലേതുൾപ്പെടെ വിവിധ പദ്ധതികൾക്കായി ലഭിച്ചതിൽ 54.78 ലക്ഷം രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു. അംഗൻവാടി പൂരകപോഷഹാകാരം, ഭവന നിർമ്മാണം, ഖരമാലിന്യസംസ്കരണം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കായി ലഭിച്ച തുകയാണിത്. ഇത്തരം ആവശ്യങ്ങൾക്ക് ലഭിച്ച തുക ചെലവഴിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

| ഫണ്ടിനം | തുക |
|---|---|
| പൂരകപോഷഹാകാര പദ്ധതി | 340115 |
| ഖരമാലിന്യ സംസ്കരണം | 191693 |
| ഒഡിഎഫ്- ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക | 1889010 |
| എം.എൻ.ലക്ഷം വീട് പദ്ധതി- ഹൗസിംഗ് ബോർഡിൽ നിന്നും ലഭിച്ച തുക | 2575000 |
| ഖരമാലിന്യ സംസ്കരണം- ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 314188 |
| ഖരമാലിന്യ സംസ്കരണം- ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 118670 |
| അംഗൻവാടി മെയിന്റനൻസ് | 8806 |
| ഗുണഭോക്തൃവിഹിതം | 16020 |
| ലഹരിവിമുക്ത പദ്ധതി- എക്സൈസ് വകുപ്പിൽ നിന്നും ലഭിച്ചത് | 25000 |
| ആകെ | 5478502 |

ടി തുകകൾ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബാക്കി തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-34 പഞ്ചായത്ത് ആയുർവേദാശുപത്രിയെ അവഗണിക്കുന്നു

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ ഓമല്ലൂർ ആയുർവേദാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല. കിടത്തി ചികിത്സയുള്ള ആശുപത്രിയാണിത്. ഒ.പി. യിൽ ദിനം പ്രതി നൂറിലധികം രോഗികൾ ചികിത്സയ്ക്ക് എത്തുന്നുണ്ട്. രോഗികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടിരിക്കുന്നു. തിരിമ്മ് ചികിത്സയ്ക്ക് വിധേയമാകുന്ന രോഗികൾക്ക് ചൂടുവെള്ളം സുലഭമായി ലഭിക്കുന്നില്ല. സോളാർ ഹീറ്റർ സ്ഥാപിച്ചിരിക്കുന്നത് അനുയോജ്യമായ സ്ഥലത്ത് അല്ലാത്തതിനാൽ ഐ.പി. കെട്ടിടത്തിൽ നേരിട്ട് ചൂടുവെള്ളം എത്തുന്നില്ല. നിലവിലെ സോളാർ ഹീറ്റർ പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. എന്നാൽ ഇതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ആശുപത്രിയിലെ ഒ.പി.യും, മരുന്നുകൾ സൂക്ഷിക്കുന്ന സ്റ്റോറും ഉൾപ്പെട്ട പഴയ മൂന്ന് കെട്ടിടങ്ങൾ അറ്റകുറ്റപണികളില്ലാതെ ചോർച്ച ബാധിച്ചിരിക്കുകയാണ്. മരുന്ന് സ്റ്റോറിൽ റാക്കുകളും അലമാരകളുമില്ല. ലക്ഷക്കണക്കിന് രൂപയുടെ മരുന്നുകൾ വെറും തറയിൽ കൂട്ടിയിട്ടിരിക്കുകയാണ്. സ്റ്റോറിൽ വെള്ളം കയറി മരുന്നുകൾ നശിച്ചു പോയ സംഭവും ഉണ്ടായിട്ടുണ്ട്. സർക്കാർ റോഡിതിര മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ്. ഓഡിറ്റ് വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ 55% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മുൻവർഷം ഇത് 30 ശതമാനം മാത്രമായിരുന്നു. റോഡിതര മെയിന്റനൻസ് ഗ്രാന്റ് വലിയ തോതിൽ ലാപ്സാക്കുമ്പോഴാണ് പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ ആശ്രയിക്കുന്ന ആയുർവേദാശുപത്രിയുടെ ഈ ശോചനീയാവസ്ഥ.

## 3-35 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല; ഗ്രാമപഞ്ചായത്ത് നിയമവും, ചട്ടവും ലംഘിച്ചു

പഞ്ചായത്ത് രാജ് നിയമത്തിലെ 272 എ. വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപ രേഖ തയ്യാറാക്കി 'പൗരാവകാശ രേഖ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പൗരാവകാശ രേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 2004-ൽ സർക്കാർ പൗരാവകാശ രേഖ തയ്യാറാക്കൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത്

രൂപീകരിക്കപ്പെട്ടതിനുശേഷം, കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന്, പഞ്ചായത്തിന്, പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ചട്ടം 4 പ്രകാരം പഞ്ചായത്ത് തയ്യാറാക്കുന്ന പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്താഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്.

എന്നാൽ നിലവിലെ ഭരണ സമിതി അധികാരമേറ്റിട്ട് ഓഡിറ്റ് തീയതിയിൽ ഒന്നരവർഷം പൂർത്തിയാക്കിയെങ്കിലും പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിയമത്തിന്റെയും, ചട്ടത്തിന്റെയും ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് കൈകൊള്ളേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക, ചെക്ക്/ഡി.ഡി. /ചലാൻ നം | പൂർത്തീകരിച്ച വിവരം |
|---|---|---|---|
| കെ.എസ്.ഇ.ബി | 18/17 വിവിധ പട്ടികജാതി കോളനികളിൽ വൈദ്യുതലൈൻ നീട്ടൽ | 31565/- 21601058/ 31.03.2017 | പൂർത്തീകരിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | 179/17 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 237450/- 21601057/ 31.03.2017 | പൂർത്തീകരിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 176/17 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 899000/- 21600980/ 25.03.2017 21600959/ 23.03.2017 | പൂർത്തീകരിച്ചിട്ടില്ല |

### 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

### 4-3 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

### 4-4 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-10 | 2014-15 | 4.1.10 | വൃദ്ധ സദനം പ്രവർത്തനക്ഷമമാക്കിയിട്ടില്ല | ടി സ്ഥാപനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം ഹോമിയോ ആശുപത്രി പ്രവർത്തിച്ചു വരുന്നു |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 41507724.54 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34145258 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 569480 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50000 | ശ്രീമതി. പി. വൽസല, സെക്രട്ടറി |
| 3-6 | 472560 | ശ്രീ. സി.കെ. രാധാകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി. |
| 3-7 | 10920 | ശ്രീ. സി.കെ. രാധാകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി. |

| | | |
|---|---|---|
| 3-8 | 36000 | |
| ആകെ | 569480 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി2/622/97/ തീയതി 10-12-97 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2/790 /2000/തീയതി 04-07-01 | 3 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി.2/790A /2000/തീയതി06-11-01 | 5 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2/607/01 തീയതി 23-03-02 | 16 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2/670/01 തീയതി 03.04-02 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/829/01തീയതി 10-04-02/ 20-09-02 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/452/04തീയതി 18-04-07/ 07-02-05 | 3 |

| | | |
|---|---|---|
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/536/05 തീയതി 02-11-05 /15-02-06 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി.3/169/08 തീയതി 28-10-08 | |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/726/06 തീയതി 12-12-06 / 05-10-06 | 6 |
| 2002-03 (വരവ് ) | എൽ.എഫ്.പി.റ്റി.എ-പി3/.170/08തീയതി 28.10.08 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.11/171/08തീയതി 20-01-09 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.11/702/09 തീയതി 04-06-10 | 4 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/103/09തീയതി 04-06-10 /29-10-11 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/36/11തീയതി 03-11-11 / 03-08-12 | 3 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.6/37/11തീയതി 03-11-11 / 04-08-12 | 6 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/877/11തീയതി 03-10-11 / 06-08-12 | |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.1/878/12തീയതി 10-12-12 | |
| 2011-12 ,2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി 5/777/14തീയതി .29.11.14 | |
| 2013-14 | നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15 | |
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി-5/748/16 തീയതി 16-07-2016 | |
| 2015-16 | നം. കെ.എസ്.എ.പി.റ്റി.എ.പി5/45/17 തീയതി 08.02.2017 | |

| | | |
|---|---|---|

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

## Annexure – 1

## CERTIFICATE

No.KSAPTA-P5/759/17 Dated 18.7.2017

Certified that I have examined the Annual Financial Statement of Omalloor Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Omalloor Grama Panchayat for the year 2016-17 except the observations in para1-3 of my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി5/759/17 തീയതി 18.7.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട